# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./റ്റിവിഎം/ജിപി10/1730/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./റ്റിവിഎം/ജിപി10/1730/2023 തീയ്യതി: 25/12/2023

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 86 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2023 | 18-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2023 | 18-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ബിന്ദു.ഒ. ഓഡിറ്റ് ഓഫീസർ

ശ്രീ സജേഷ് ആർ.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ശ്രീദേവി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി മിനിമോൾ.എസ്, ഓഡിറ്റർ

ശ്രീ നിധിൻ കുമാർ പി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുരളീധരൻ നായർ.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. ബിന്ദുലേഖ.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീവിദ്യ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 10-09-2022 |
| ശ്രീമതി ആർച്ച ഗോപൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 16-09-2022 | 31-03-2023 |
| ഡോ.അനുപമ.ആർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ വിഷ്ണു എസ്.രാജ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ശിവകുമാർ .വി.പി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ. പ്രഭുലാൽ .ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി മിഷ സുന്ദർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ - I) | 01-04-2022 | 31-03-2023 |
| ശ്രീ. മനോജ് .എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ - II) | 01-04-2022 | 22-07-2022 |
| ശ്രീ. മാനസ് രാജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ - II) | 23-07-2022 | 31-03-2023 |
| ശ്രീ. വിനോദ്കുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 26-10-2022 |
| ശ്രീമതി നിഷ.വി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |
| ശ്രീ ഷാജിത്ത് | കൃഷി ഓഫീസർ | 01-04-2022 | 15-06-2022 |
| ശ്രീ ഹാറൂൺ | കൃഷി ഓഫീസർ (അഡീഷണൽ ചാർജ്ജ്) | 15-06-2022 | 21-08-2022 |
| ശ്രീമതി അനുശ്രീ | കൃഷി ഓഫീസർ (അഡീഷണൽ ചാർജ്ജ്) | 22-08-2022 | 31-03-2023 |
| ശ്രീമതി ബേനസീർ.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ബിനു.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി സുനി.എസ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-05-2022 |
| -- | -- | 01-06-2022 | 05-06-2022 |
| ശ്രീ.ഹരിലാൽ.ബി.എസ് | ഹെഡ്മാസ്റ്റർ | 06-06-2022 | 31-03-2023 |
| ശ്രീ. അനോൾഡ് ദീപക് | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-4 |
| 6 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ഡിമാന്റ് തെറ്റായ ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നു | 1-1-6 |
| 8 | Excess Of Income Over Expenditure നിർണ്ണയിച്ചതു വ്യക്തമല്ല | 1-1-7 |
| 9 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | Prior Period തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-11 |
| 13 | ഫിക്സ്ഡ് അസറ്റുകളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-12 |
| 14 | ബാങ്ക് അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഹെഡ്ഡിൽ പാർട്ട് ബിൽ തുക ഉൾപ്പെട്ടിട്ടില്ല | 1-1-14 |
| 16 | MGNREGS-റീക്കൂപ്പ് ചെയ്യാനുള്ള അഡ്വാൻസ് തുകയിൽ അവ്യക്തത | 1-1-15 |
| 17 | മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-16 |
| 18 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല | 1-1-17 |
| 19 | Directly Debited By Bank- തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-18 |
| 20 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല | 1-1-19 |
| 21 | ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല | 1-1-20 |
| 22 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ബജറ്റ് അപാകങ്ങൾ | 1-2-1 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഗ്രാന്റ് വിനിയോഗം | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | ക്ഷേമപദ്ധതികൾ | 1-6 |
| 29 | സാമൂഹ്യ സുരക്ഷ പെൻഷൻ അർഹത പരിശോധിക്കണം | 1-6-1 |
| 30 | ക്യാഷ് ബാലൻസ് | 1-7 |
| 31 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-8 |
| 32 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 33 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 34 | ഓഡിറ്റോറിയം, ജിംനേഷ്യം - ലൈസൻസ്,തൊഴിൽ നികുതി അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-11 |
| 35 | ലേല കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-12 |
| 36 | റേഷൻകടകൾ ലൈസൻസും തൊഴിൽ നികുതിയും അടവാക്കുന്നില്ല | 1-13 |
| 37 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 38 | വസ്തു നികുതി - അപാകതകൾ | 1-15 |

| | | |
|---|---|---|
| 39 | വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-15-1 |
| 40 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-15-2 |
| 41 | അനധികൃത കെട്ടിട നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് | 1-15-3 |
| 42 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി - അപാകതകൾ | 1-15-4 |
| 43 | വസ്തു നികുതി ഇളവ് നൽകിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-15-5 |
| 44 | വസ്തു നികുതി - മേഖലാ നിർണയത്തിലെ അപാകതകൾ | 1-15-6 |
| 45 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക | 1-15-7 |
| 46 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കെട്ടിടങ്ങളുടെ നികുതി | 1-15-8 |
| 47 | നമ്പറിംഗ് ഫയലുകളുടെ പരിശോധന | 1-15-9 |
| 48 | വസ്തു നികുതി - ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കേണ്ടതാണ് | 1-15-10 |
| 49 | തൊഴിൽ നികുതി | 1-16 |
| 50 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-16-1 |
| 51 | തൊഴിൽ നികുതി രജിസ്റ്റർ/രേഖകളുടെ പരിശോധന | 1-16-2 |
| 52 | തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് | 1-16-3 |
| 53 | പൊതുകുളം ലേലം വരുമാന സാദ്ധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ് | 1-17 |
| 54 | നികുതി / നികുതിയേതര വരവുകൾ - അവലോകനം | 1-18 |
| 55 | കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-19 |
| 56 | NREGS കരാർ ജീവനക്കാരുടെ സേവനപുസ്തക പരിപാലനത്തിലെ അപാകതകൾ | 1-20 |
| 57 | ബഡ്സ് സ്കൂളിന് സാധനസാമഗ്രികൾ വാങ്ങൽ - പ്രോജക്ട് അപാകതകൾ | 1-21 |
| 58 | ബഡ്സ് സ്കൂൾ നടത്തിപ്പ് അപാകതകൾ - 19647 രൂപയുടെ സാധനങ്ങൾ ലഭിച്ചിട്ടില്ല | 1-22 |
| 59 | ബാലസഭ – പ്രോജക്ടിൽ ഉൾപ്പെടുത്താത്ത ഇനത്തിൽ തുക ചെലവഴിച്ചിരിക്കുന്നു | 1-23 |
| 60 | പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം - നടപടിക്രമങ്ങളിലെ അപാകതകൾ | 1-24 |
| 61 | പിവിസി വാട്ടർ ടാങ്ക് - അപേക്ഷയും അനുബന്ധരേഖകളും ലഭ്യമാക്കിയില്ല – 199075 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 62 | വൃദ്ധർക്ക് കട്ടിൽ വിതരണം - ഗുണഭോക്തൃലിസ്റ്റും അപേക്ഷകളും ലഭ്യമാക്കിയില്ല – 210000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 63 | കന്നുകുട്ടി പരിപാലനം - ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-27 |
| 64 | അടുക്കളമുറ്റത്തെ കോഴിവളർത്തൽ - എസ്.സി - ഗുണഭോക്തൃലിസ്റ്റിലെ അപാകത | 1-28 |
| 65 | ഹോമിയോ മരുന്ന് ലഭ്യമാകുന്നതിലെ കാലതാമസം | 1-29 |
| 66 | ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തൽ - കൂടുതൽ തുകയ്ക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുത്തു | 1-30 |
| 67 | പുട്ടുകട ഇരുപാറ റോഡ് ബേം കോൺക്രീറ്റ് - ഫയൽ ഹാജരാക്കിയില്ല - 205940 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 68 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-32 |
| 69 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 70 | മഴക്കാല പൂർവ ശുചീകരണം - ചെലവുരേഖകൾ ഹാജരാക്കിയില്ല - 167500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-34 |
| 71 | സുരക്ഷ പദ്ധതി - മാനസികാരോഗ്യപരിപാടിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-35 |
| 72 | നിർവ്വഹണ ഏജൻസി മുഖേന പ്രോജക്ട് - തുക അടവാക്കിയതിനനുസൃതമായ എസ്റ്റിമേറ്റ് ലഭ്യമല്ല | 1-36 |
| 73 | വാതിൽപടി സേവനം - പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടില്ല | 1-37 |
| 74 | ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല | 1-38 |
| 75 | നിർവ്വഹണ ഏജൻസികളിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു | 1-39 |

| | | |
|---|---|---|
| 76 | കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി - സംയുക്ത പ്രോജക്ട് - ഫണ്ട് വിഹിതം ഉറപ്പവരുത്തണം | 1-40 |
| 77 | ഭിന്നശേഷി കലോത്സവം - ചെലവ് രേഖയുടെ അഭാവത്തിൽ 9540/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-41 |
| 78 | വൃദ്ധർക്ക് കട്ടിൽ (ജനറൽ) – ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങൽ - അധികചെലവ് | 1-42 |
| 79 | പകൽ വീട് - കരാർ നിരക്കിലും അധികമായി തുക അനുവദിച്ചു - 1,69,750/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-43 |
| 80 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല – ചെലവ് തുക (97978) തടസ്സം ചെയ്യുന്നു | 1-44 |
| 81 | ലാപ് ടോപ്പ് വാങ്ങൽ - സ്റ്റോക്ക്, വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക (49997) തടസ്സം ചെയ്യുന്നു | 1-45 |
| 82 | സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ചെലവ് രേഖ ലഭ്യമാക്കിയില്ല - 3,39,740/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-46 |
| 83 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല – 26,532/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-47 |
| 84 | 250000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസിൽ നിന്നും കുറവ് ചെയ്ത് ഒടുക്കുന്നില്ല. | 1-48 |
| 85 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23 | 1-49 |
| 86 | പാലിയേറ്റീവ് ഭവന സന്ദർശനം - രേഖപ്പെടുത്തലുകൾ വരുത്തിയില്ല | 1-50 |
| 87 | ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി(വനിത)-പാലിന്റെ അളവിൽ പൊരുത്തക്കേട് | 1-51 |
| 88 | മത്സ്യ ബന്ധന മേഖല - പദ്ധതി രൂപീകരണം | 1-52 |
| 89 | മരാമത്ത് പ്രവൃർത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചില്ല-ഫൈൻ ഈടാക്കിയില്ല | 1-53 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **27.07.23 ലെ 1(1)-ാം നം. ജനറൽ കമ്മിറ്റി** തീരുമാനം പ്രകാരം തയ്യാറാക്കി **29.07.23** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിന്റെ** 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

എ) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ബി) തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ (Vertical) വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

മേൽപ്പറഞ്ഞ പത്രികകൾ ഉൾപ്പെടുത്തുന്നതിന് സോഫ്റ്റ്‌വെയറിൽ ക്രമീകരണം ഇല്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തതെന്നും B-1 ഷെഡ്യൂൾ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാലാണ് സമർപ്പിക്കാൻ കഴിയാത്തതെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/09.11.23 നുള്ള മറുപടി). അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6460350 രൂപയാണ്. എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11386647 രൂപയാണ്. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/09.11.23 ന ലഭ്യമാക്കിയ മറുപടിയിൽ മേൽ

തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുകകൾ തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസവും തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201930/31.03.23 |
| 110100102 | Property Tax On Non-residential Buildings | 42201931/31.03.23 |
| 110200101 | Profession Tax - Institutions | 42201807/31.03.23 |
| 110200105 | Profession Tax - Traders | 42201808/31.03.23 |

ഡിമാന്റ് എൻട്രി മാസം തോറും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/09.11.23 നുള്ള മറുപടി). വരും വർഷങ്ങളിൽ കൃത്യമായി പ്രതിമാസ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തേണ്ടതാണ്.

### 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

Stock In Hand (Inventories) ൽ തുക ഉൾപ്പെടുത്തുന്നതിന് സോഫ്റ്റ്‌വെയറിൽ ക്രമീകരണം ഏർപ്പെടുത്തുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/09.11.23 നുള്ള മറുപടി). സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-5 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

നടപ്പ് സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി- 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

2023 മാർച്ച് 31 ൽ യഥാർത്ഥ ബാധ്യതയായി നിലനിൽക്കുന്ന തുകകളാണ് ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതെന്നും ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമാണ് മേൽപ്പറഞ്ഞവയുടെ കൃത്യമായ തുക അറിയാൻ കഴിയുകയുള്ളൂവെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/09.11.23 നുള്ള മറുപടി). എന്നാൽ മാർച്ച് മാസത്തിൽ ഉണ്ടാകുന്ന മേൽ ചെലവുകൾക്കുള്ള പ്രൊവിഷൻ ബി - 9 ഷെഡ്യൂളിൽ രേഖപ്പെടുത്തേണ്ടതാണ്.

### 1-1-6 ഡിമാന്റ് തെറ്റായ ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നു

ഹെഡ് നം. 110200105 - Profession Tax – Traders ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 42201808/31.03.23 നം. ജേണൽ വൗച്ചർ പ്രകാരം ഹെഡ് നം. 110200101 - Profession Tax – Institutions ഇനത്തിന്റെ ഡിമാന്റ് എൻട്രി (തുക – 44,450/-) പ്രസ്തുത ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

തെറ്റായി വരവ് രേഖപ്പെടുത്തിയത് ക്രമപ്പെടുത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/09.11.23 നുള്ള മറുപടി). എന്നാൽ മറുപടി തൃപ്തികരമല്ല. ഡിമാന്റ് തെറ്റായ ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-7 Excess Of Income Over Expenditure നിർണ്ണയിച്ചതു വ്യക്തമല്ല

2022-23 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം 310900101- Excess Of Income Over Expenditure ഹെഡിലെ നീക്കിയിരിപ്പ് തുക 570419 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 852816 ആണ്. ബി-1 ഷെഡ്യൂൾ പ്രകാരമുള്ള Excess Of Income Over Expenditure നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/10.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ വ്യത്യാസം സോഫ്റ്റ്‌വെയറിൽ തന്നെ ക്രമീകരിക്കപ്പെടേണ്ടതാണെന്ന് അറിയിച്ചിരിക്കുന്നു. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക നിർണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതുമാണ്.

## 1-1-8 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. Library Deposit ഇനത്തിലുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. ഫെസ്റ്റിവൽ അഡ്വാൻസ്, Advance To NREGS എന്നീ ഇനങ്ങളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബി-18 ഷെഡ്യൂളിലെ മറ്റ് അഡ്വാൻസ് ഇനങ്ങളുടെ വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/10.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ILGMS ൽ അതാത് ഹെഡ്ഡുകളിൽ നിന്നും വിവരങ്ങൾ ലഭ്യമാകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.7/10.11.23 നുള്ള മറുപടി). രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-9 Prior Period തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക കണക്ക് പ്രകാരം ചുവടെ പറയുന്ന തുകകൾ Prior Period ആയി ക്രമീകരിച്ചിട്ടുണ്ട്.

| ഹെഡ് നം. | ഇനം | തുക |
|---|---|---|
| 190200401 | Prior Period Income – Other Incomes | 10 |
| 290800701 | Prior Period Expences – Miscellaneous Expences | (-1483) |

മേൽ തുകകളെ സാധൂകരിക്കുന്ന രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/10.11.23 ന് മറുപടി ലഭ്യമാക്കിയെങ്കിലും ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുകകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-10 ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബാങ്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന ഗ്രാന്റ്/ഫണ്ടുകളുടെ നീക്കിയിരിപ്പ് തുകകൾ അതിനായി പരിപാലിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് | ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ് | RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | CFC Grant | Federal Bank - 10660100189769 | 16622173 (15103281 + 1518892) | 14521548 |
| 2 | Health Grant For Support For Diagnostic Infrastructure To The PHC's | Canara Bank - 110044427753 | 89233 | 87306 |

| | | | | |
|---|---|---|---|---|
| 3 | Health Grant Towards The Conversion Of PHC And Subcentres Into Health And Wellness Centres | Canara Bank - 110044427883 | 67400 | 69327 |
| 4 | Donations Related To Pandemic Control | Federal Bank - 10660100189884 | 35785 | 18067 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/15.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇ-ഗ്രാമസ്വരാജ് സോഫ്റ്റ്‌വെയർ മുഖേന നൽകിയ തുകകളിലെ ഡിഡക്ഷൻ പിടിച്ച തുകകൾ അടവാക്കാനുള്ളതാണ് ക്രമ നം.1 ലെ വ്യത്യാസത്തിന്ന കാരണമെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം.2 മുതൽ 4 വരെയുള്ള അക്കൗണ്ടുകളിലെ വ്യത്യാസം നിലവിൽ ക്രമീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഡിഡക്ഷൻ പിടിച്ച തുക അടവാക്കാനുണ്ടെങ്കിൽ ആയത് യഥാസമയം അടവാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-1-11 രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

എ) RP-45 ഷെഡ്യൂളിൽ 431300101 - Receivables For Licence Fees For Factories, Traders, Enterpreneuors And Other Services (Arrear) ഹെഡിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന 2022-23 വർഷത്തെ ലൈസൻസ് വരവ് തുകകളെ തെറ്റായി 140200101 - Penalties And Fines - Penal Interest ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക |
|---|---|---|
| 1 | 1220100520/18.05.22 | 7020 |
| 2 | 1220100630/27.05.22 | 1400 |
| 3 | 1220100669/30.05.22 | 1800 |
| 4 | 1220100778/06.06.22 | 1700 |
| 5 | 1220100920/16.06.22 | 3700 |
| 6 | 1220100992/21.06.22 | 5400 |
| 7 | 1220100994/21.06.22 | 500 |
| 8 | 1220101036/25.06.22 | 2800 |
| 9 | 1220101052/29.06.22 | 1000 |
| 10 | 1220101099/04.07.22 | 10000 |

ബി) RP-4 ഷെഡ്യൂളിൽ 140120105 - Fee For Building Regularisation ഹെഡിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് തുക 547/- രൂപ (രസീത് നം./തീയതി - 1220103186/03.01.23) തെറ്റായി 140120101 – Permit Fee For Construction Of

Buildings ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/13.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മുൻവർഷങ്ങളിൽ ലൈസൻസ് എടുക്കാൻ വിട്ടുപോയത് ഈടാക്കുന്ന തുകയാണ് എ) യിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ക്രമ നം.ബി) യിലെ വരവ് ഹെഡ് കറക്ഷൻ വരുത്തി ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സി) വാർഷിക ധനകാര്യ പത്രിക RP-10 ഷെഡ്യൂളിലെ 180800104 നം. ഹെഡ് - Receipts From Library ഇനത്തിൽ 7880 രൂപയുടെ വരവ് കാണുന്നു. എന്നാൽ പഞ്ചായത്തിന്റെ 3 ലൈബ്രറികളിൽ നിന്നുള്ള രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2022-23 ലെ ആകെ വരവ് 7490 രൂപയാണ്. മറ്റ് ഹെഡുകളിൽ ഒടുക്കേണ്ടിയിരുന്ന തുകകൾ തെറ്റായി ലൈബ്രറി വരവ് ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നതാണ് അതിനു കാരണം. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം.തീയതി | തുക | തുക ഒടുക്കേണ്ടിയിരുന്ന ഹെഡ് |
|---|---|---|---|
| 1 | 1220101537/24.08.22 | 150 | 140500208-Hospital Kiosks Receipt |
| 2 | 1220102475/24.11.22 | 240 | 180800105-Receipts From Panchayat Schools |

ഹെഡ് മാറി വരവ് രേഖപ്പെടുത്തിയ തുകകൾ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 27/15.11.23 നുള്ള മറുപടി). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-12 ഫിക്സ്ഡ് അസറ്റുകളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset- കളുടെ അക്യൂമലേറ്റഡ് ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷങ്ങളിലെ Accumulated Depreciation തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | Fixed Asset ന്റെ ഇനം |
|---|---|
| 1 | Sewerage & Drainage |
| 2 | Waterways |
| 3 | Public Lighting |
| 4 | Plant & Machinery |
| 5 | Other Fixed Assets |

ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ തുക കണക്കാക്കിയതിലെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ അപാകതയ്ക്ക് (ഓഡിറ്റ് അന്വേഷണം നം,15/13.11.23) ലഭ്യമാക്കിയ മറുപടി പ്രകാരം ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയാൽ പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ബാലൻസിലേയ്ക്ക് പോകും എന്നതിനാലാണ് ഡിപ്രീസിയേഷൻ കണക്കാക്കാത്തത് എന്നറിയിച്ചിരിക്കുന്നു. എല്ലാ ഫിക്സ്ഡ് അസറ്റുകൾക്കും ഡിപ്രീസിയേഷൻ കണക്കാക്കേണ്ടതാണ്.

## 1-1-13 ബാങ്ക് അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഭരണസമിതിയുടെ 20.04.22 ലെ ഇനം 4(4) പ്രകാരം വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറിന്റെയും വാതിൽപ്പടി സേവന കോ-ഓഡിനേറ്ററുടേയും പേരിൽ കാനറാ ബാങ്ക് ചിറയിൻകീഴ് ശാഖയിൽ സംയുക്ത അക്കൗണ്ട് തുടങ്ങുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അക്കൗണ്ടിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/13.11.23 നുള്ള മറുപടിയോടൊപ്പം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 110049371997) പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. പ്രസ്തുത അക്കൗണ്ടിൽ നാളിതുവരെ ട്രാൻസാക്ഷൻ ഇല്ല. ടി അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ യോഗത്തിലെ ഇനം 4(2) പ്രകാരം വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട് അധിക ധനസമാഹരണം നടത്തുന്നതിന് രസീത് അച്ചടിക്കുന്നതിനും ആയതിനുള്ള തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും യോഗം

തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ വാതിൽപ്പടി സേവനത്തിനായി രസീത് ബുക്കുകൾ അച്ചടിച്ചിട്ടില്ല. മേൽ അക്കൗണ്ടിന്റെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതും രസീത് അച്ചടിച്ച് ധനസമാഹരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-1-14 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഹെഡ്ഡിൽ പാർട്ട് ബിൽ തുക ഉൾപ്പെട്ടിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 11(b) ഷെഡ്യൂളിലെ Capital Work In Progress ലെ തുക 0 ആണ്. എന്നാൽ ലഭ്യമാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ ആസ്തി നിർമ്മാണത്തിനായി ചെലവഴിച്ച ആകെ 4394882 രൂപ Capital Work In Progress ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. പാർട്ട് ബില്ലുകൾ പ്രകാരമുള്ള തുകകൾ ആസ്തി നിർമ്മാണത്തിനുള്ളതല്ലാത്തതിനാലാണ് Capital Work In Progress ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തത് എന്നറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.15/13.11.2023). എന്നാൽ അസി.എഞ്ചിനിയർ ലഭ്യമാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം ആസ്തി നിർമ്മാണത്തിന് ആകെ 4394882 രൂപയുടെ പാർട്ട് ബില്ലുകൾ അനുവദിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-15 MGNREGS-റീക്കൂപ്പ് ചെയ്യാനുള്ള അഡ്വാൻസ് തുകയിൽ അവ്യക്തത

ഹെഡ് നം. 460500801 - Advance To Mahatma Gandhi NREGA/AUEGS Administrative Expense ഇനത്തിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളും NREGS ക്യാഷ് ബുക്ക് പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം | NREGS ക്യാഷ് ബുക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 0 (2021-22 ബാലൻസ് ഷീറ്റ് പ്രകാരം) | 1245455 |

NREGS ക്യാഷ് ബുക്ക് പ്രകാരം 2022-23 വർഷാരംഭത്തിൽ 1245455 രൂപ അഡ്വാൻസ് ഇനത്തിൽ ലഭിച്ചത് ക്രമീകരിക്കാനുണ്ടായിരുന്നു. എന്നാൽ 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ ടി ഇനത്തിൽ തുക നീക്കിയിരിപ്പ് ഇല്ല. 2021-22 വർഷം വരെ NREGS വിഭാഗത്തിന് നൽകുന്ന അഡ്വാൻസ് തുക ഏത് ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരുന്നതെന്ന വിവരം ലഭ്യമാക്കുന്നതിനും നീക്കിയിരിപ്പിലുള്ള വ്യത്യാസം 1242450 (2454617- 1212167) സംബന്ധിച്ച് വിശദീകരണം നൽകുന്നതിനും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം. 66/18.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷം അഡ്വാൻസ് തുക റീക്കൂപ്പ് ചെയ്യാൻ അവശേഷിച്ചിട്ടുണ്ടെങ്കിൽ വിവരം ബന്ധപ്പെട്ട ലെഡ്ജറിന്റെ പകർപ്പ് സഹിതം ലഭ്യമാക്കേണ്ടതും 2022-23 വർഷം പ്രസ്തുത തുക Advance To Mahatma Gandhi NREGA/AUEGS Administrative Expence ഹെഡ്ഡിലേയ്ക്ക് ജേണൽ എൻട്രി മുഖേന ക്രമീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-1-16 മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്ക് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

Canara Bank CHIRAYINKEEZHU (അക്കൗണ്ട് നം. 3497101005345 ) ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bank ഇനത്തിൽ 158117 രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകയിൽ 14188 രൂപയുടെ ചെക്കുകൾ നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്തവയാണ്. ആയത് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് തുക Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.27/15.11.23 ന് ലഭ്യമാക്കിയ മറുപടി). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-17 ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല

Canara Bank CHIRAYINKEEZHU (അക്കൗണ്ട് നം. 3497101005345 ) ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Credited By Bank ഇനത്തിൽ 162007 രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകകൾ രസീത് നൽകി കണക്കിലെടുത്തിട്ടില്ല. മേൽ അപാകത നിലവിൽ ക്രമീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.27/15.03.23 നുള്ള മറുപടി). മേൽ തുകകൾ വരവിലെടുത്തിട്ടുള്ള രസീതുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-18 Directly Debited By Bank- തുകകൾ ക്രമീകരിച്ചിട്ടില്ല

State Bank Of India CHIRAYINKEEZHU( 37343663341)ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ഇനത്തിൽ 13684 രൂപ അവശേഷിക്കുന്നു. ടി തുക ക്രമീകരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

പ്രസ്തുത തുക 31.03.23 ൽ വരവ് വന്ന തുകയാണെന്നാണ് വിശദീകരിച്ചിരിക്കുന്നത് (ഓഡിറ്റ് എൻക്വയറി നം.27/15.11.23). എന്നാൽ, മേൽ തുക Directly Debited By Bank ഇനത്തിലുള്ളതാണ്. ആയത് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-19 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല

Canara Bank CHIRAYINKEEZHU (അക്കൗണ്ട് നം. 3497101005345 ) ന്റെ 31.03.23 ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared ഇനത്തിൽ 7500 രൂപ അവശേഷിക്കുന്നു. 008083/19.05.22 പ്രകാരമുള്ള തുക നാളിതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആവാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.27/15.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ചെക്ക് റീവാലിഡേറ്റ് ചെയ്യുന്നതിന് അറിയിപ്പ് നൽകിയിട്ടും ആയത് പരിഹരിച്ചിട്ടില്ലെന്നും കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-20 ലഡ്ജർ ബാലൻസുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി ഓരോ മാസവും പൊരുത്തപ്പെടുത്തുന്നില്ല

വരവ് രജിസ്റ്ററുകൾ ഒന്നും തന്നെ ഓരോ മാസവും ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ രജിസ്റ്ററിൽ ഡിസിബി/വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ വരവ് തുകകളുടെ കൃത്യത വാർഷിക ധനകാര്യപത്രികയുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.27/15.03.23 നുള്ള മറുപടി). അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-21 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

എ) 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് | ഇനം | 2022-23 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 350200119 | Recoveries Payable-Covid | 146400 |
| 2 | 350110103 | **Employee Liabilities - Unpaid Salaries** | 1497780 |
| 3 | 350300103 | **Government And Other Dues Payable - Value Added Tax** | 110282 |
| 4 | 350300199 | **Government And Other Dues Payable - Others** | 4537 * |

* 2022-23 ലെ വരവ് തുക കൂടി ഉൾപ്പെട്ടത്.

ക്രമ നം. 1 ലെ ജനപ്രതിനിധികളുടെ ഓണറേറിയത്തിൽ നിന്നും ഈടാക്കിയ തുക തുടർനിർദ്ദേശം ലഭിക്കാത്തതുക്കൊണ്ടാണ് സൂക്ഷിക്കുന്നതെന്നും ക്രമ നം. 2 ലെ തുക എഞ്ചിനിയറിംഗ് സാലറി ഡിഡക്ടീവ് ഹെഡ്ഡിലേയ്ക്ക് ക്രെഡിറ്റ് പോവേണ്ട തുകയാണെന്നും ക്രമ നം.3 ലെ തുക ജി.എസ്.ടി നിലവിൽ വന്നതിനാൽ അടവാക്കാൻ സാധിക്കാത്തതാണെന്നും ക്രമ നം. 4 ലെ ഫോറസ്റ്റ്, റവന്യൂ വകുപ്പുകളിലേയ്ക്ക് ഒടുക്കേണ്ട തുക തന്നാണ്

അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/09.11.23 നുള്ള മറുപടി). തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 1333719 രൂപ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 1/09.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ജലനിധി പ്രോജക്ടുമായി ബന്ധപ്പെട്ട തുകയാണെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭ്യമാകുന്ന മുറയ്ക്ക് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/09.11.23 നുള്ള മറുപടി). തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുക അടവാക്കി എത്രയും വേഗം പ്രോജക്ട് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സി) 2021-22ലെ ബാലൻസ് ഷീറ്റിൽ നിലനിന്നിരുന്ന ചുവടെ പറയുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷത്തിലും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 340100203 | Election Deposit | 63000 |
| 340109901 | Other Deposits | 7071 * |
| 340200101 | Rent Deposit | 5098 |
| 340200102 | Auction Deposit | 10742 |
| 340200103 | Water Connection Deposits | 250 * |
| 340800101 | Deposit Received From Others | 8200 * |
| 340200105 | Library Deposit | 140 |

* ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത ഇനങ്ങളിലുള്ള തുകകൾ പൂർണമായും കാലഹരണപ്പെട്ടതാണ്.

Rent Deposit ഇനത്തിലുള്ള തുകയിൽ 2874 രൂപ കാലഹരണപ്പെട്ടതാണ്.

Auction Deposit ഇനത്തിലുള്ള തുകയിൽ 742 രൂപ കാലഹരണപ്പെട്ടതാണ്.

Contractors Retention ഇനത്തിലുള്ള തുകയിൽ 26582 രൂപ കാലഹരണപ്പെട്ടതാണ്. കാലഹരണപ്പെട്ട തുകകൾ തനത് വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/10.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി) ബാലൻസ് ഷീറ്റ് പ്രകാരം 350200115- Recoveries Payable – Dues To Other Local Goverment Institutions ഹെഡിലെ നീക്കിയിരിപ്പ് തുക 12000 രൂപയാണ്. ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ജീവനക്കാരിൽ നിന്നും ഈടാക്കിയ തുകയാണെന്നു കാണുന്നു. ടി തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/10.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2023-24 വർഷം തുക കൈമാറി ക്രമീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ലെഡ്ജർ പരിശോധനയിൽ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ലായെന്നു കാണുന്നു. തുക കൈമാറി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇ) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അഡ്വാൻസ് ഇനങ്ങളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക തൻവർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | 2022-23 B-18 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 460100199 | Other Advances | 657202 |
| 460509901 | Advance To Others | 976522 |
| 460500501 | Advance To Implementing Officers | 246769 |
| 460100101 | Festival Advance | 32000 * |

* 2023-24 വർഷം നൽകിയ തുക കൂടി ഉൾപ്പെട്ടത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/10.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുണ്ടായിരുന്ന 8000 രൂപ ലഭിക്കേണ്ടത് ആരിൽ നിന്നാണെന്ന് കണ്ടെത്താൻ കഴിയാത്തതിനാലാണ് ക്രമീകരിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്. ടി തുക അനുവദിച്ചതാർക്കാണെന്ന് കണ്ടെത്തി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും ബാക്കി തുകകൾ എത്രയും വേഗം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

2022-23 ലെ ബജറ്റ് 25.03.2022 ലെ ഭരണസമിതി സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. കൂടാതെ 2022-23 ലെ പരിഷ്കരിച്ച ബജറ്റ് 21.03.2023 ലെ ഭരണസമിതി സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്/പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | പരിഷ്കരിച്ച ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 836828 | 1735545 |
| വരവ് | 543677043 | 501277776 |
| ആകെ | 544513871 | 503013321 |
| ചെലവ് | 542205393 | 501037275 |
| നീക്കിയിരിപ്പ് | 2308478 | 1976046 |

1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16 ലെ ജി.ഒ.(ആർ.ടി)3291/16 /എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷിക ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പാലിച്ചിട്ടുണ്ട്.

### 1-2-1 ബജറ്റ് അപാകങ്ങൾ

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് കുറിപ്പുകൾ (Annexure 6)

2. പെർഫോമൻസ് ബജറ്റ് (Annexure 10)

3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ

വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/14.11.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബഡ്ജറ്റ് പത്രികകൾ, ബഡ്ജറ്റ് ഷെഡ്യൂൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ ലഭ്യമാക്കിയിട്ടില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകളുടെ പ്രതിമാസ അവലോകനം, വരവിനങ്ങളുടെ പിരിവ് പുരോഗതി എന്നിവ നടത്തുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ അത്തരം അവലോകനങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയിട്ടില്ല.

2. ബജറ്റ് വകയിരുത്തൽ-ചെലവ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ/റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ/വകയിരുത്താതെ ചുവടെ പറയുന്ന ഇനങ്ങൾക്ക് തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2201201 – Communication Expences | 150000 | 150000 | 188538 |
| 2 | 2202101 – Printing & Stationary | 250000 | 250000 | 259673 |
| 3 | 2206101- Memberships & Subcriptions | 30000 | 30000 | 45300 |
| 4 | 2207101 – Extra Ordinary Expences | 100000 | 100000 | 187265 |
| 5 | 2301002 – Diesel, Petrol, Gas & Lubricants | 200000 | 200000 | 203341 |
| 6 | 2301003 – Diesel, Petrol, Gas & Lubricants For Generator | - | - | 15400 |
| 7 | 2303001 – Consumpion Of Stores | - | - | 5523 |
| 8 | 2304001 – Hire Charges | 25000 | 25000 | 130377 |
| 9 | 2305002 – Repairs & Maintenance – | - | - | 29402 |

| | | | | |
|---|---|---|---|---|
| | Roads | | | |
| 10 | 2305007 - Repairs & Maintenance - Electricity | - | - | 10000 |
| 11 | 2305009 - Repairs & Maintenance - Movable Assets | - | - | 105131 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 45/16.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 24336918 |
| ഓഡിറ്റ് വർഷത്തെ വരവ് | 59974047 |
| ആകെ | 84310965 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 53513697 |
| നീക്കിയിരിപ്പ് | 30797268 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 26656374 | 26656374 | 26312722 | 343652 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13700659 | 13700659 | 12372898 | 1327761 |
| വികസനഫണ്ട് (CFC Tied) | 0 | 10365009 | 10365009 | 7351803 | 3013206 |
| വികസനഫണ്ട് (CFC Untied) | 0 | 6201069 | 6201069 | 5043454 | 1157615 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 8120000 | 8120000 | 7178382 | 941618 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 11393000 | 11393000 | 7321514 | 4071486 |
| CSS | 0 | 0 | 0 | 1530306 | -1530306 |
| SSS | 0 | 0 | 0 | 2150000 | -2150000 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development | Grant Statement | 26312722 |

| | | |
|---|---|---|
| Fund (General) | | |
| | ACR + Source Deduction | 27910582 |
| | Accounts (I-6+ Corresponding Capital Contribution) | 26312722 |
| Development Fund (SCP) | Grant Statement | 12372898 |
| | ACR + Source Deduction | 12422898 |
| | Accounts (I-6) | 12372898 |
| Maintenance Fund (Road) | Grant Statement | 7321514 |
| | ACR | 7577514 |
| | Accounts | 7321514 |
| Maintenance Fund (Non Road) | Grant Statement | 7178382 |
| | ACR | 7185819 |
| | Accounts | 7178382 |

2. ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund എന്നിവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ വരവും സുലേഖ ചെലവുപത്രിക പ്രകാരം ഈയിനത്തിൽ നീക്കിയിരിപ്പുമുണ്ട്.

3. സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 15237341 രൂപയിൽ 12372898 രൂപ മാത്രമാണ് ചെലവഴിച്ചത്. 19% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

4. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. എന്നാൽ വനിതാ ഘടക പദ്ധതിയ്ക്കായി വകയിരുത്തിയ 5204030 രൂപയിൽ 3441137 രൂപ മാത്രമാണ് (മറ്റുള്ളവ ഒഴികെ) ചെലവഴിച്ചിട്ടുള്ളത് (ചെലവ് ശതമാനം 66).

5. വനിതകൾ, കുട്ടികൾ, അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ എന്നീ വിഭാഗങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്ട് നം. | അടങ്കൽ തുക |
|---|---|---|
| വനിതകൾ | 211/23 | 300000 |
| | 227/23 | 30000 |
| അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ | 261/23 | 547000 |
| | 267/23 | 30000 |
| കുട്ടികൾ | 176/23 | 400000 |

6. 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8824460 | 7414358 | 84 |
| സേവനം | പൊതുവിഭാഗം | 67020638 | 39746026 | 59.3 |
| | പട്ടിക ജാതി | 20544893 | 12048326 | 58.6 |

| | | | | |
|---|---|---|---|---|
| പശ്ചാത്തലം | പൊതുവിഭാഗം | 29676025 | 13491525 | 45.5 |
| | പട്ടിക ജാതി | 1626580 | 92704 | 5.7 |

7. 2022-23 വർഷം ചുവടെ പറയുന്ന പ്രോജക്ടിനായി വകയിരുത്തിയിരുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (എസ്.സി.പി ഫണ്ട്) | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 195/23 | ചന്ദിരത്ത് വാട റോഡ് ഉയർത്തി ബാക്കി കോൺക്രീറ്റിംഗ് | 1000000 | അസി.എഞ്ചിനിയർ |
| 250/23 | അംഗനവാടി മംഗ്ലാവിൽ കടവ് റോഡ് പുനരുദ്ധാരണം | 533876 | അസി.എഞ്ചിനിയർ |

8. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | 2022-23 ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700205 | 152300 | ജില്ലാപഞ്ചായത്ത് |
| 2 | 320700204 | 1144762 | ബ്ലോക്ക് പഞ്ചായത്ത് |

9. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/10.11.23 മറുപടി ലഭ്യമാക്കിയിട്ടില്ല.

10. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 2022-23 ലും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക |
|---|---|---|
| 320100162 | Sarva Siksha Abhiyan | 764961 * |
| 320100174 | Grant From Suchitwa Mission | 86162 * |
| 320100197 | Literacy Scheme Grant | 280 |
| 320200399 | **Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes** | 100000 |
| 320300103 | Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation | 351175 |
| 320300199 | **Grants, Funds & Contributions For Specific Purposes - Other Government Agencies** | 57301 |
| 320400199 | **Grants, Funds & Contributions For Specific Purposes - Other Financial Institutions** | 117292 |
| 320900102 | **Donations Related To Pandemic/Epidemic Control** | 35785 |

* 2022-23 വർഷം ലഭിച്ച തുക കൂടി ഉൾപ്പെട്ടത്.

മേൽ തുകകൾ ഉൾപ്പെട്ട പല പദ്ധതികളുടെയും ഫണ്ട് അനുവദിക്കൽ/പ്രവർത്തന രീതി എന്നിവ മാറിയതിനാലാണ് തുക ചെലവഴിക്കാത്തതെന്നും വകമാറ്റി ചെലവഴിക്കാൻ കഴിയാത്തതിനാലാണ് തുക നിലനിർത്തിയിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.1/09.11.23 നമ്പർ മറുപടി). കൂടാതെ സർക്കാരിൽ നിന്നോ തുക അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നോ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഹെഡ്ഡുകളിൽ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 29154000 | 26312722 | 2841278 |
| വികസനഫണ്ട് എസ്.സി.പി | 14469000 | 12372898 | 2096102 |


| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 8120000 | 7178382 | 941618 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11393000 | 7321514 | 4071486 |
| **ആകെ** | **63136000** | **53185516** | **9950484** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 19 | 18 | 1 | 3220548 | 3038048 | 94.33 |
| വെറ്ററിനറി സർജൻ | 7 | 7 | 0 | 2119377 | 2112353 | 99.6 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 17 | 16 | 1 | 5450411 | 4950640 | 90.83 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 0 | 270000 | 264801 | 98.07 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 3 | 1 | 556022 | 472652 | 85.002 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 14 | 13 | 1 | 31559977 | 15724557 | 49.82 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 17 | 0 | 6513424 | 6332043 | 97.21 |
| സെക്രട്ടറി | 40 | 31 | 9 | 12723005 | 9502829 | 74.69 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 10 | 7 | 3 | 7191670 | 2649314 | 36.83 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 82 | 56 | 26 | 48648252 | 19921609 | 40.95 |
| ഹെഡ് മാസ്റ്റർ | 10 | 10 | 0 | 3784000 | 3703495 | 97.87 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 6 | 6 | 0 | 3322435 | 3070080 | 92.40 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7 | 4 | 2671575 | 1797476 | 67.28 |
| ഫിഷറീസ് ഇൻസ്പെക്ടർ | 5 | 4 | 1 | 1750000 | 1341142 | 76.63 |
| ആകെ | 244 | 197 | 47 | 129780696 | 74881039 | 57.69 |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 31115550 | 26312722 | 84.56 |
| എസ്.സി.പി. | 15237341 | 12372898 | 81.20 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 28560937 | 12395257 | 43.39 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4850000 | 1530306 | 31.55 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 12206000 | 2150000 | 17.61 |
| തനത് ഫണ്ട് | 3855548 | 1318548 | 34.19 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 4315625 | 2513260 | 58.23 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 5735625 | 1543125 | 26.90 |
| മെയിന്റനൻസ് റോഡ് | 13776211 | 7321514 | 53.14 |
| മെയിന്റനൻസ് റോഡിതരം | 9728126 | 7178382 | 73.78 |
| മറ്റുള്ളവ | 26832062 | 12217847 | 45.53 |
| ആകെ | 156213025 | 86853859 | 55.59 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 244 | 197 | 47 | 129780696 | 74881039 | 57.69 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് ആസൂത്രണസമിതി പുന:സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.08/10.11.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

നിലവിലെ ആസൂത്രണ സമിതി, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകളിൽ പ്രോജക്ട് നിർദ്ദേശം ആയതിന്മേൽ ചർച്ച എന്നിവ നിർവ്വഹിച്ചിട്ടുണ്ട്. 11.10.22-ലെ ആസൂത്രണ സമിതി യോഗത്തിൽ, പദ്ധതി നിർവ്വഹണത്തിലെ മെല്ലെപ്പോക്ക്, പദ്ധതി ചെലവ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്നിവയിൽ ആരോഗ്യകരമായ ചർച്ച സംഘടിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം 5 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.84/2022) ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ പ്രോജക്ട് മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

1. വർക്കിംഗ് ഗ്രൂപ്പ് യോഗം - മിനിട്സ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | യോഗ തീയതി |
|---|---|
| പ്രാദേശിക സാമ്പത്തിക വികസനം | 03.06.22 |
| പൊതുജനാരോഗ്യം | 3.06.22, 04.01.23 |
| വനിതകളുടെയും കുട്ടികളുടെയും വികസനം | 3.06.22 |
| വിദ്യാഭ്യാസം കലയും സംസ്കാരവും യുവജനകാര്യം | 03.06.22, 24.06.22 |
| മത്സ്യബന്ധനം | 24.06.22 |

2. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് ബുക്കിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ആരോഗ്യം (03.06.22-ലെ യോഗം) പേജ്-49-ൽ കൺവീനറുടെ മാത്രം ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്

ദാരിദ്ര്യലഘൂകരണം - തീയതി. 03.06.22, സാമൂഹ്യനീതി , വിദ്യാഭ്യാസം കലയും സംസ്കാരവും യുവജനകാര്യം , കുടിവെള്ളം ശുചിത്വം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ 05.09.22 തീയതിയിലെ യോഗത്തിന്റെ മിനിട്സ് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഹാജർരേഖപ്പെടുത്തിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമല്ല.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | പ്രാദേശിക സാമ്പത്തിക വികസനം | 21.05.22 | മത്സ്യ സമ്പത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ (21.05.22, 03.06.22)<br>കുടുംബശ്രീ വഴി സോപ്പ്, ലോഷൻ, സാനിറ്റൈസർ നിർമ്മിക്കുന്നതിനുള്ള പരിശീലനം |
| 2 | മത്സ്യബന്ധനം | തീയതി രേഖപ്പെടുത്തിയിട്ടില്ല മിനിട്സ് പേജ് 39 | മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യം മാർക്കറ്റുകളിൽ എത്തിക്കുന്നതിനുള്ള വാഹന സൗകര്യം<br>കരിമീൻ വിത്തുല്പാദന |

| | | | |
|---|---|---|---|
| | | | യൂണിറ്റ് (പേജ് 39, 21.05.22) |
| 3 | മൃഗസംരക്ഷണം ക്ഷീര വികസനം | 21.05.22 | ദുരന്ത സമയങ്ങളിൽ കന്നുകാലികളെ മാറ്റിപാർപ്പിക്കാൻ സൗകര്യം<br>കാലിതൊഴുത്ത് നവീകരണം<br>വളക്കുഴി നിർമ്മാണം |
| 5 | കൃഷി അനുബന്ധ മേഖലകൾ | 03.06.22<br>23.12.22 | തരിശ് പാടങ്ങൾ കൃഷിയോഗ്യമാക്കുക<br>ജലസേചന പമ്പ്സെറ്റ്<br>തൊഴിലുറപ്പിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലെ തോടുകൾ വൃത്തിയാക്കൽ |
| 6 | പട്ടികജാതി വികസനം | 21.05.22 | പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി<br>പട്ടികജാതി തൊഴിൽ രഹിതരായ യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35/16.11.23- ന് മറുപടി ലഭ്യമാക്കിയില്ല. ജനോപകാരപ്രദമായ പ്രോജക്ട് നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രോജക്ട് രൂപീകരണ വേളയിൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

1. വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

2. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ഓഡിറ്റ് എൻക്വയറി നമ്പർ 35/16.11.23-മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | മേഖല | പ്രശ്ന തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | കൃഷി | അതീവഗുരുതരം | തെങ്ങ് കയറ്റതൊഴിലാളികളുടെ കുറവ്<br>ജലസ്രോതസ് മലിനീകരിക്കുന്നത് |
| 2 | മൃഗസംരക്ഷണം ക്ഷീര വികസനം | അതീവഗുരുതരം | ശുദ്ധമായ പാലിന്റെ ലഭ്യതക്കുറവ് |
| 3 | മത്സ്യബന്ധനം | ഗുരുതരം | ഉല്പാദനോപാദികളുടെ ക്ഷാമം |
| 4 | വനിതാ വികസനം | ഗുരുതരം | സ്വയംതൊഴിൽ പരിശീലനം |
| 5 | പട്ടികജാതി വികസനം | ഗുരുതരം | തൊഴിലില്ലായ്മ |
| 6 | കുടിവെള്ളം ശുചിത്വം | ഗുരുതരം | പ്രവർത്തനരഹിതമായ പൊതുടാപ്പുകൾ ഒഴിവാക്കൽ |

സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രശ്ന വിശകലനം, പ്രശ്ന തീവ്രത എന്നിവ പ്രോജക്ട് രൂപീകരണത്തിൽ മാർഗ്ഗ നിർദ്ദേശകങ്ങളാകുന്നുവെന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിശദാംശം സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 35/16.11.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

ഗ്രാമസഭ

പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി നടത്തിയ ചർച്ചയുടെ വിശദാംശം, തൻ വർഷം, തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശം , തൻ വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട നൂതന പ്രോജക്ടുകളുടെ വിശദാംശം, സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) -ന്റെ വിശദാംശം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.08/10.08.23)- ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി രൂപീകരണ നിർവ്വഹണ വേളയിൽ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പങ്കാളിത്തവും മേൽനോട്ടവും ഉറപ്പുവരുത്തുന്നതിനും ഗ്രാമ സഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ജനോപകാരപ്രദവും ജനങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതുമായ പദ്ധതികൾ പ്രോജക്ടുകളായി ഉൾക്കൊള്ളിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 371000 | 24 |
| വിധവ പെൻഷൻ | 180222000 | 1562 |
| വാർദ്ധക്യകാലപെൻഷൻ | 34127300 | 3020 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 5135000 | 402 |
| വിവാഹധനസഹായം | 60000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 661800 | 56 |
| തൊഴിൽ രഹിത വേതനം | 57240 | 38 |

## 1-6-1 സാമൂഹ്യ സുരക്ഷ പെൻഷൻ അർഹത പരിശോധിക്കണം

ധനകാര്യ വകുപ്പിന്റെ 16/04/2022 ലെ 1174016/എസ്.എഫ്.സി.ബി 2/2019/ധന നമ്പർ കത്ത് പ്രകാരം രണ്ട് ഏക്കർ ഭൂമിയുള്ള റബർ സബ്സിഡി നൽകുന്നവരുടെ പെൻഷൻ ഒരു മാസത്തെ നോട്ടീസ് നൽകി റദ്ദ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷൻ റദ്ദ് ചെയ്യുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ള ഗുണഭോക്താക്കൾ സമർപ്പിക്കുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട പ്രാദേശിക സെക്രട്ടറിമാർ വിശദ പരിശോധന നടത്തേണ്ടതും പ്രസ്തുത വ്യക്തികൾക്ക് രണ്ടേക്കറിൽ കൂടുതൽ ഭൂമിയില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം അവരെ സേവന പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതില്ലായെന്ന് 29.06.2022 ലെ 1174016/ എസ്.എഫ്.സി ബി 2/2022 നമ്പർ കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

രണ്ട് ഏക്കർ ഭൂമിയുള്ള റബർ സബ്സിഡി ലഭിക്കുന്നവരും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതുമായവരുടെ ലിസ്റ്റ് പരിശോധിച്ചതിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ 2 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐ.ഡി | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം |
|---|---|---|
| 102430203917 | സുധ മുരളി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 102430201946 | ധനപാലൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |

സേവന പെൻഷൻ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വ്യക്തികളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവ് ആണ്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ അർഹത പരിശോധനാ വിധേയമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നം. 63/17.11.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

റബർ സബ്സിഡി ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് സേവന സോഫ്റ്റ് വെയറിൽ സസ്പെൻഡ് ചെയ്ത് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2023 തീയതിയിൽ 3.00PM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6010/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12781 | 1317595 | 1330376 | 471989 | 858387 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 50970204 | 50970204 | 50970204 | 0 |
| ആകെ | 12781 | 52287799 | 52300580 | 51442193 | 858387 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

1) നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന നടപടികൾ കൈക്കൊള്ളുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭ, ആസൂത്രണസമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും മിനിട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭ എന്നിവയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും അതിനനുസൃതമായി പ്രോജക്ട് നിർവ്വഹണം നടത്തുന്നതിനും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

5) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

6) നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് ഫയലുകളുടെ പരിപാലനത്തിൽ, പ്രോജക്ട് അനുബന്ധ രേഖകൾ ഫയലിനൊപ്പം സൂക്ഷിക്കുന്നതിനും സമയബന്ധിതമായി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

7) ഓഡിറ്റിന്റെ ഭാഗമായി നൽകുന്ന ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.08.2022 മുതൽ 09.08.2022 വരെ | 01.08.21 മുതൽ 31.03.22 വരെ | 24.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2007-08മുതൽ 2011-12 വരെ | 01.05.2013 |

## 1-11 ഓഡിറ്റോറിയം, ജിംനേഷ്യം - ലൈസൻസ്,തൊഴിൽ നികുതി അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾ ലൈസൻസും തൊഴിൽനികുതിയും അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.53/17.11.23) മറുപടിയായി നിലവിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതു പ്രകാരം ഫോം 6-ൽ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ കല്ല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്റർ എന്നിങ്ങനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി ഫീൽഡ്തല പരിശോധന നടത്തേണ്ടതും ലൈസൻസ്, തൊഴിൽനികുതി അടവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 ലേല കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

2022-23 വർഷത്തെ ലേല രജിസ്റ്റർ, ഫയലുകൾ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന തുകകൾ അടവാക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ലേല ഇനം | ലേല തുക | ലേലം കൊണ്ട വ്യക്തി | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ലക്ഷ്മിപുരം മാർക്കറ്റ് ഗേറ്റ് ഫീസ് | 1200500/- രൂപ | ശ്രീ. അനിൽ കുമാർ, അനിൽ ഭവൻ | 600250/- രൂപ |
| 2 | പാർവതീപുരം മാർക്കറ്റ് ഗേറ്റ് ഫീസ് | 165000/- രൂപ | ശ്രീ. ശ്യാംകുമാർ, പാലവിള വീട് | 41250/- രൂപ |
| 3 | ലക്ഷ്മിപുരം മാർക്കറ്റ് ആട്ടിറച്ചി വിൽപ്പനാവകാശം | 72500/- രൂപ | ശ്രീ. സുരേഷ്, രേവതി നിവാസ് | 36250/- |

4.3.2022 ലെ ലേല നോട്ടീസിലെ ക്രമ നമ്പർ 7 പ്രകാരം ലേലത്തുകയിൽ ശേഷിക്കുന്ന 50% ഒറ്റത്തവണയായി നിശ്ചിത തീയതിയ്ക്കകം അടയ്ക്കാൻ കഴിയാത്തവർ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ലേലത്തുകയുടെ ഇരട്ടിയിൽ കുറയാത്ത തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും നിയമാനുസൃത കരാർ വയ്ക്കേണ്ടതുമാണ്. സോൾവൻസി സർട്ടിഫിക്കറ്റും കരാർ വിവരങ്ങളും ലേലത്തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരവും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 68/18.11.23 ന് മറുപടി ലഭ്യമാക്കിയില്ല.
തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 റേഷൻകടകൾ ലൈസൻസും തൊഴിൽ നികുതിയും അടവാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരു റേഷൻകട മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. പഞ്ചായത്ത് പരിധിയിൽ ആകെ 20 റേഷൻകടകൾ പ്രവർത്തിക്കുന്നതായും കഴിഞ്ഞ കാലയളവിൽ റേഷൻകടകൾക്ക് ലൈസൻസ് എടുക്കണ്ട എന്നുള്ള ഉത്തരവ് റേഷൻ വ്യാപാരികൾ നൽകിയതുകൊണ്ടുമാണ് ഡിമാന്റ് നോട്ടീസ് നൽകാതിരുന്നതെന്നും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ്, തൊഴിൽ നികുതി ഒടുക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 53/17.11.23-നുള്ള മറുപടിയായി അറിയിച്ചു

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും അതാത് വാർഡ് മെമ്പർമാരുടെ സഹായത്തോടെ ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും റേഷൻകടകൾ ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ്, തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് അനുവദിക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | സ്വകാര്യം |
|---|---|---|
| 1 | ഡയറിഫാം | 25 |
| 2 | ഗോട്ട് ഫാം | 2 |
| 3 | മുട്ടക്കോഴി | 3 |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.59/17.11.23)
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ കണ്ടെത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി - അപാകതകൾ

വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ വിവിധ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-15-1 വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 05.05.2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്തു. തുടർന്ന് 19.09.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20(3) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ നികുതി നിരക്കുകൾ പത്രത്തിൽ പ്രസിദ്ധീകരിച്ചതിന് ശേഷം സഞ്ചയയിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 6 | 9 |
| ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 50 | 55 |
| അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 30 | 40 |
| മൊബൈൽ ടവർ | 500 | 600 |

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ലഭ്യമാക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 06/10.11.2023 -ന്റെ മറുപടി)

## 1-15-2 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/09.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15-3 അനധികൃത കെട്ടിട നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്ത് ഭരണസമിതിയുടെ 20.04.22 തീയതിയിലെ ഇനം 11/1 പ്രകാരമുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ശ്രീമതി ലത, സ്വാതി, മഞ്ചാടിമൂട് എന്ന വ്യക്തി ബഹു. ഓംബുഡ്സ്മാൻ മുൻപാകെ സമർപ്പിച്ച ഒ എസ് 500/2021 നമ്പർ പരാതി യോഗം പരിശോധിച്ചു. പരാതിക്കാരിയുടെ ഭർത്താവിന്റെ പേരിൽ പാർപ്പിടവും ഒരു കടമുറിയും നിലവിലുണ്ടെന്നും എന്നാൽ പഞ്ചായത്ത് രേഖകളിൽ കടമുറിയ്ക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല എന്നും ആയതിന് പരിഹാരമെന്ന നിലയ്ക്ക് ടി കടമുറിയ്ക്ക് നമ്പർ നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിന് ബഹു. ഓംബുഡ്സ്മാൻ നൽകിയ ഉത്തരവിൻമേൽ, 2019-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ട പ്രകാരം കെട്ടിട നമ്പർ അനുവദിക്കാൻ കഴിയില്ല എന്ന എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ടി കെട്ടിടം കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് യോഗം വിലയിരുത്തി. ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടം പാലിക്കാത്ത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകാനാകില്ല എന്ന് യോഗം തീരുമാനിച്ചു.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235.എഎ(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേകം നമ്പർ നൽകേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ട മേൽ കടമുറിയ്ക്ക് അനധികൃത കെട്ടിട നമ്പർ നൽകി സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.22/14.11.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന് അനധികൃത കെട്ടിട നമ്പർ അനുവദിച്ച് നികുതി കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതും ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-15-4 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി - അപാകതകൾ

1. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകൾ ലഭിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്(Demolition Of Buildings Not Regularised). സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 69 അനധികൃത കെട്ടിടങ്ങളാണ് ഉള്ളത്. പ്രസ്തുത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർ നടപടികൾ നടപ്പിലാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235.എഎ(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേകം നമ്പർ നൽകേണ്ടതാണ്. കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിൽ ആയിരിക്കുവാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ് എന്ന് സൂചിപ്പിക്കുന്ന 'U/A' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട ചില കെട്ടിടങ്ങൾക്ക് നിയമാനുസൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന രീതിയിലാണ് കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുള്ളത്. ചട്ടങ്ങൾ പ്രകാരം 'U/A' ചേർത്ത് പ്രത്യേക നമ്പർ അനുവദിച്ചിട്ടില്ല. അപ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉപയോഗക്രമം | തറ വിസ്തീർണ്ണം ( $M^2$) |
|---|---|---|---|
| 1 | 2/83/B | പാർപ്പിടാവശ്യം | 42.13 |
| 3 | 8/25/E * | പാർപ്പിടാവശ്യം | 127.87 |
| 4 | 10/166/A | പാർപ്പിടാവശ്യം | 53.6 |
| 5 | 13/409/A | പാർപ്പിടാവശ്യം | 100 |
| 6 | 13/545/A | പാർപ്പിടാവശ്യം | 80 |
| 7 | 15/298/A | പാർപ്പിടാവശ്യം | 72.76 |

* പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ചിട്ടില്ല. അതിനാൽ വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ

പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

3. ചുവടെ പറയുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ് നമ്പർ/കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | സഞ്ചയ പ്രകാരമുള്ള വാർഷിക വസ്തു നികുതി | നികുതി കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 6/114/Temp/UA | വിജയകുമാർ, കുമാർഭവൻ | 446 | 2019 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഒടുക്കിയിട്ടില്ല. |

4. ചുവടെ പറയുന്ന അനധികൃത കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | നികുതി ഇളവിന്റെ കാരണം |
|---|---|---|---|
| 1 | 2/83/B | മുരളി,കാട്ടുവിള വീട് | ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് |
| 2 | 10/166/A * | നസീർ, തെരുവിൽ തൈവിളാകം | സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൌജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1 (ജെ) ) |

* സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൌജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം എപ്രകാരമാണ് അനധികൃത കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതെന്ന് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.78/18.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15-5 വസ്തു നികുതി ഇളവ് നൽകിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെപ്പറയുന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ കേന്ദ്രസർക്കാർ

ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285 അനുചേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതായി കാണുന്നു.

| വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|
| 3/299 | സുനി. ജി, മംഗ്ലാവ് വിള വീട് | പാർപ്പിടാവശ്യം | 51 $M^2$ |
| 16/100 A | രാധാമണി,മുണ്ടപ്പള്ളി വീട് | പാർപ്പിടാവശ്യം | 36.72 $M^2$ |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.71/18.11.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടം എന്ന നിലയിൽ മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകിയതിന് ആധാരമായ രേഖകൾ, കെട്ടിടത്തിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-15-6 വസ്തു നികുതി - മേഖലാ നിർണയത്തിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 17/180 | നിത്യാനന്ദ ശെൽവി, കൃഷ്ണ | പണ്ടകശാല ശാർക്കര റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 17/179A | ഷോണ പ്രസാദ്, കൊച്ചുപെരുമ്പാട്ടം | പണ്ടകശാല ശാർക്കര റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 2 | 1/523 | സുരേഷ്,ജയ, തൊടിയിൽ വീട് | ഗുരുവിഹാർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| | 1/523 A | തങ്കരാജ് കെ,സ്വപ്നക്കൂട് | ഗുരുവിഹാർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

ബി) സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ പറയുന്ന കെട്ടിടത്തിന്റെ മേഖല നിർണയിച്ചിട്ടുണ്ടെങ്കിലും കെട്ടിടം സ്ഥിതി ചെയ്യുന്ന/കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡ് തരം | മേഖല |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 6/866 A | തങ്കപ്പൻ ആചാരി/രാധാകൃഷ്ണൻ, അനുഗ്രഹ | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

സി) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും മേഖലാ നിർണയത്തിലെ മേൽ അപാകതകൾക്കുള്ള മറുപടിയും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 70/18.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ടെലഫോൺ ടവർ എന്ന് ഉപയോഗക്രമം രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന്റെ 2022-23 വർഷത്തെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 9/19 | സുഭദ്രഅമ്മ, കല്ലുകിടക്കുന്നിടം | 3420 | 3420 (2022 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ) |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.50/17.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15-8 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കെട്ടിടങ്ങളുടെ നികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. ഇപ്രകാരം ഇളവ് നൽകിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|
| 8/476 | കുഞ്ഞൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 30 $M^2$ |
| 8/477 | കുഞ്ഞൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 $M^2$ |

| | | | |
|---|---|---|---|
| 19/158 | അനിൽകുമാർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 $M^2$ |

2. ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 5/347 A | ബിന്ദു, ശ്രീഭദ്ര |
| | 5/347 D | ബിന്ദു, ശ്രീഭദ്ര |
| 2 | 5/667 B | ഗോമതി കാളച്ചനഴികം |
| | 5/667 C | ഗോമതി കാളച്ചനഴികം |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 67/18.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15-9 നമ്പറിംഗ് ഫയലുകളുടെ പരിശോധന

1. പുതുതായി നിർമ്മിക്കപ്പെട്ട ചുവടെ പറയുന്ന കെട്ടിടത്തിന്റെ "Completed Plan " -ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന " Existing Building"- ന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിസ്തീർണ്ണവുമായി പൊരുത്തപ്പെടാത്തതായി കാണുന്നു.

| | |
|---|---|
| നമ്പറിംഗ് ഫയൽ നമ്പർ | A4/5/2022 |
| കെട്ടിട ഉടമ | ഓമന അമ്മ, തൊഴൂർ വീട് |
| കെട്ടിട നമ്പർ | 3/72 A |
| ഉപയോഗക്രമം | പാർപ്പിടാവശ്യം |
| വിസ്തീർണം | 174.10 $M^2$ |

മേൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 3/71 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 38$m^2$ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 20$m^2$ മാത്രമാണുള്ളത്. കൂടാതെ സഞ്ചയ പ്രകാരം Existing Building ന്റെ ഉടമ ശിവരാമപിള്ള, തൊഴൂർ വീട് എന്ന വ്യക്തിയാണ്.

2. നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോറം 2 പ്രകാരമുള്ള വസ്തു നികുതി നിർണയ റിട്ടേൺ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധന നടത്തുകയോ മേലധികാരി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫോറം 6 വസ്തു നികുതി നിർണയ ഫോറത്തിൽ വസ്തുനികുതി സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. അപേക്ഷ നം.A4/2710/22/19.03.22 പ്രകാരം സ്റ്റീഫൻ, ത്രേസ്യാ എന്നിവർ നൽകിയ കെട്ടിട നമ്പറിംഗിനുള്ള അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള കംപ്ലീറ്റഡ് പ്ലാൻ പ്രകാരം പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് നിലവിലുള്ള കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിനാണ്. പ്ലാൻ പ്രകാരം പഴയ കെട്ടിടത്തിന്റെ നമ്പർ 15/129 ആണ്. പുതിയ കെട്ടിടത്തിന് 15/125A എന്ന് നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ

നിലവിലുണ്ടായിരുന്ന കെട്ടിടത്തെ നാളിതുവരെ Demolished ലിസ്റ്റിലേയ്ക്ക് മാറ്റിയിട്ടില്ല എന്നു കാണുന്നു. സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിടം ഇപ്പോഴും നിലനിൽക്കുന്നു.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.65/18.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-15-10 വസ്തു നികുതി - ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കേണ്ടതാണ്

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തു നികുതി വരവ് 5525000/- രൂപയാണ്. സഞ്ചയ, ഐ.എൽ.ജി.എം.എസ് എന്നിവ പ്രകാരമുള്ള വസ്തു നികുതി വരവ് 4177795/- രൂപയുമാണ് ( റെസിഡൻഷ്യൽ - 2315669/- + നോൺ റെസിഡൻഷ്യൽ 1862126/- ). ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തു നികുതിയിൽ നിന്നും യഥാർത്ഥ വസ്തുനികുതിയുടെ വ്യതിയാനം പരിശോധനാ വിധേയമാക്കിയതായി കാണുന്നില്ല. വസ്തു നികുതിയിനത്തിലെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധനാ വിധേയമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി

തൊഴിൽ നികുതി സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-16-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | അനിൽകുമാർ.ജി |
| 2 | ജോയി.എസ്.ദാസ് |
| 3 | ജനാർദ്ദനൻ നായർ |
| 4 | ശ്യാം റാവു |
| 5 | ചന്ദ്രശേഖരൻ |
| 6 | അജിത്ത് |
| 7 | അരുൺരാജ് |
| 8 | നജ്മുംഖാൻ |
| 9 | ജയചന്ദ്രൻ |
| 10 | സുമേഷ് |
| 11 | നഹാസ് |
| 12 | വിനീത് |
| 13 | രാജേന്ദ്രൻ പിള്ള |
| 14 | ശ്രീകുമാർ |
| 15 | വിജയൻ |
| 16 | ബുഹാരി |
| 17 | റൂബി |
| 18 | മണിക്കുട്ടൻ |
| 19 | മാനുഷ് വാമദേവൻ |
| 20 | സതീഷ് കുമാർ |
| 21 | വിൽഫ്രെഡ് |
| 22 | അനൂജ് |

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി

കാണുന്നില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/13.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ഈ വർഷം മുതൽ ഡിമാന്റ് നോട്ടീസ് നൽകി നികുതി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16-2 തൊഴിൽ നികുതി രജിസ്റ്റർ/രേഖകളുടെ പരിശോധന

1. തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. സ്ഥാപന തൊഴിൽ നികുതി ഒടുക്ക വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ - DDRC SRL Diagnostics Pvt.Ltd, ഫെഡറൽ ബാങ്ക് ചിറയിൻകീഴ് എന്നീ സ്ഥാപനങ്ങൾ ഒടുക്കിയ സ്ഥാപന തൊഴിൽ നികുതി വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥാപനത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ 31 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത അങ്കണവാടികളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

3. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ 'മറ്റു സ്ഥാപനങ്ങളുടെ' ലിസ്റ്റിലുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | ഇനം | സ്ഥാപനത്തിന്റെ എണ്ണം |
|---|---|---|
| 1 | പൊതുവിതരണ സ്ഥാപനം | 24 * |
| 2 | മത്സ്യഭവൻ | 1 |
| 3 | പാടശേഖരസമിതി ഓഫീസ് | 1 |

* ഒരെണ്ണത്തിൽ നിന്നും (ARD 84) ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്.

4. സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി ഒടുക്കാത്ത ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴ പലിശ ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് | തൊഴിൽ നികുതി തുക | തൊഴിൽ നികുതി ഒടുക്കിയ തീയതി |
|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, വലിയകട | ഒന്നാം അർദ്ധവർഷം | 16250 | 21.10.22 |
| 2 | Ensure Study Centre And Teams Academy | ഒന്നാം അർദ്ധവർഷം | 1920 | 10.10.22 |

5. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | Royal Dental Care Centre |
| 2 | Dr.Girijas Diagnostics Laboratory And Services |
| 3 | Koshys Multispeciality Dental Centre |
| 4 | Karthika Clinic, Kadakam |
| 5 | Swamiji Hospital |
| 6 | Padmasree Tourist Home |

6. R.V. Clinic ലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനത്തിൽ നിന്നും ടി അർദ്ധവർഷത്തെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

7. തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. അതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി കണക്കാക്കിയതെന്ന് വ്യക്തമല്ല.

ഉദാ- എ. Bharath Lajhna Multistate Housing Co-operative Society യിൽ നിന്നുള്ള തൊഴിൽ നികുതി പത്രികയിൽ ജീവനക്കാരുടെ തൊഴിൽ നികുതി തുക മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, അർദ്ധവാർഷിക വരുമാനം എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 600 രൂപ വീതം 4 പേർക്ക് 2400 രൂപ ഒടുക്കിയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ബി. ARD 84 ലെ ജീവനക്കാരിയായ ശ്രീമതി റഫീക്കബീവി 600 രൂപ തൊഴിൽ നികുതിയായി പത്രികയിൽ രേഖപ്പെടുത്തുകയും ആയത് ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വേതനവിവരങ്ങൾ ഒന്നും തന്നെ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.64/17.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16-3 തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/13.11.2023) മറുപടിയായി തൊഴിൽ നികുതി ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ലായെന്നും അടുത്ത സാമ്പത്തിക വർഷം മുതൽ വിവരങ്ങൾ ശേഖരിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം വാർഡ് തല സ്റ്റാഫുകൾക്ക് നൽകേണ്ടതും, തൊഴിൽ നികുതി അടവാക്കാൻ ബാധ്യതയുള്ള മുഴുവൻ വ്യക്തികൾ /സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-17 പൊതുകുളം ലേലം വരുമാന സാദ്ധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്

സ.ഉ (സാധാ)നം. 1833/2017/ ത.സ്വ.ഭ.വ തീയതി 02.06.2017 ഉത്തരവ് പ്രകാരം അംഗീകരിച്ച " Manual On Finance Management : Revenue For Grama Panchayats In Kerala “ ഖണ്ഡിക 5.7 പ്രകാരം മത്സ്യ കൃഷിക്കായി പൊതു കുളങ്ങളും തടാകങ്ങളും പൊതു ലേല നടപടികളിലൂടെ മാത്രം നൽകാവുന്നതാണെന്നും ഖണ്ഡിക 5.7.1.7 നിർദ്ദേശ പ്രകാരം മത്സ്യ കൃഷിക്കായി കുളം ലേലം കൊണ്ട വ്യക്തി സെക്രട്ടറിയുമായി കരാറിലേർപ്പെടേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ ആർ.സി /4/149/2020 / ത.സ്വ.ഭ.വ തീയതി 15/07/2020 നമ്പർ സർക്കുലർ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 166(2), 218 എന്നീ വകുപ്പുകളുടെ പരിധിയിൽ നിന്നുകൊണ്ട് തദ്ദേശ സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ / ജലാശയങ്ങൾ എന്നിവ ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യകൃഷി നടത്തുന്നതിന് പാട്ടത്തിന് നൽകുന്നതിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം പൊതുകുളങ്ങൾ / ജലാശയങ്ങളിൽ മൽസ്യകൃഷി നടത്താൻ അനുമതി നൽകുന്നതിന്റെ ഉത്തരവാദിത്തം ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കാണ്.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 7 പൊതുകുളങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ലേലം ചെയ്യുകയോ പാട്ടത്തിന് നൽകുകയോ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ നൽകിയ എൻക്വയറിയ്ക്ക് (നം.58/17.11.23) മറുപടി ലഭ്യമാക്കിയില്ല.

തദ്ദേശ സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങളും ജലാശയങ്ങളും മത്സ്യകൃഷി നടത്തുന്നതിനോ, കർഷക സംഘങ്ങൾക്കോ ലേലം ചെയ്ത് കൊടുക്കുന്നതിലൂടെ പഞ്ചായത്തിന് വരുമാനം ലഭിക്കുമെന്നതിനാൽ ഇത്തരം

സാദ്ധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

## 1-18 നികുതി / നികുതിയേതര വരവുകൾ - അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി നിയമപ്രകാരം ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. നികുതി നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1) പുതിയ തനതുവരുമാനമേഖലകൾ:**

പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടെങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

**2) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല**

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാനകാരണം.

**3) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത തേടേണ്ടതാണ്:**

തൊഴിൽ നികുതി ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM- ന്റെ സഹായം തേടുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിക്കാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്

4) **മുൻ വസ്തുനികുതി പരിഷ്കരണത്തിൽ അപാകതകൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കുമ്പോൾ അപാകതകൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്**

2013 നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ , മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ് .

**ഓഡിറ്റിന്റെ ശുപാർശകൾ:**

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3) അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) അനുമതിയില്ലാതെയും, അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാക്കുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തുന്നതിനായി ഫീൽഡ് തല അന്വേഷണം നടത്താവുന്നതാണ്

5) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യാവുന്നതാണ്.

6)തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട് ആവശ്യപ്പെടാവുന്നതാണ്.

7)വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്

8) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

9) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

10) പഞ്ചായത്തിലെ പൊതു കുളങ്ങൾ മത്സ്യകൃഷിക്കായി ലേലം ചെയ്തു നൽകുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

11) വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കാവുന്നതാണ്.

12) മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം കൊള്ളുന്ന വ്യക്തികളിൽ നിന്നും ലേല തുക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

13) ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് വാർഡ് തല സ്റ്റാഫുകളുടെ സഹായത്തോടു കൂടി പരിശോധിച്ച് ഉറപ്പാക്കാവുന്നതാണ്.

## 1-19 കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

1. തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കണമെന്ന് 1.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം തയ്യാറാക്കിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

എ) എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

ബി) നികുതി, നികുതിയേതര വരുമാനത്തിന്റെ അവലോകനം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.

പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിവരം ലഭ്യമാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം ചുവടെ ചേർക്കുന്ന കുടിശ്ശിക തുകകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | കുടിശ്ശിക |
|---|---|---|
| 431400102 | Rent Receivables From Buildings(Arrears) | 92037 |
| 431100104 | Receivables For Property Tax On Non-Residential Buildings (Arrears) | 2792 |
| 431100102 | Receivables For Property | 10446 |

| | | |
|---|---|---|
| | Tax On Residential Buildings (Arrears) | |
| 431400104 | Rent Receivables From Lease Of Lands(Arrears) | 1000 * |
| 431400106 | Receivables Towards Market Receipts(Arrears) | 1935638 * |

* 2021-22 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം പിരിച്ചെടുക്കാനുള്ള കുടിശ്ശിക തുകകൾ തൻവർഷവും അതുപോലെ തന്നെ നിലനിൽക്കുന്നു.

മേൽ കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനും മേൽ സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിവരം, കുടിശ്ശിക രജിസ്റ്റർ എന്നിവ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം.5/10.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും നിർദ്ദേശപ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

## 1-20 NREGS കരാർ ജീവനക്കാരുടെ സേവനപുസ്തക പരിപാലനത്തിലെ അപാകതകൾ

25.02.2023 ലെ GO(P) No.20/2023/Fin ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം NREGS കരാർ ജീവനക്കാർക്ക് പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചിട്ടുണ്ട് (വൗച്ചർ നമ്പർ 22201434/31.03.23, ചെക്ക് നമ്പർ 273762 , Dt. 31-03-2023). വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | തുക(രൂപ) |
|---|---|---|---|
| 1 | രേഷ്മ.സി.പിയൂസ് | അക്രഡിറ്റഡ് എൻജിനീയർ | 31460 |
| 2 | അജിത്.എസ് | ഓവർസിയർ | 24040 |
| 3 | ഗോപാലകൃഷ്ണൻ.എസ്.കെ | അക്കൗണ്ടന്റ് | 24040 |
| 4 | പാർവ്വതി.വി.സ് | അക്കൌണ്ടന്റ് | 24040 |
| | | ആകെ | 103580 |

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.06.2014 ലെ ഇ2/2321/14 നമ്പർ സർക്കുലറിൽ കരാർ ജീവനക്കാർക്ക് ആർജിതാവധി, ആർജിതാവധി വില്പന എന്നീ ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ എല്ലാ കരാർ ജീവനക്കാർക്കും സേവന പുസ്തകം ആരംഭിച്ച് ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കരാർ ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ ക്രമ നം. 1 ലെ ജീവനക്കാരിയുടെ സേവനപുസ്തകത്തിൽ 01.11.2016 വരെയുള്ള സേവന വേതന വിവരങ്ങളും ക്രമ നം. 2 ലെ ജീവനക്കാരന്റെ 08.09.2016 വരെയുള്ള സേവനവിവരങ്ങളും ക്രമ നം. 3 ജീവനക്കാരന്റെ 01.11.2017 വരെയുള്ള സേവനവിവരങ്ങളും ക്രമ നം. 4 ജീവനക്കാരിയുടെ 02.08.18 വരെയുള്ള സേവനവിവരങ്ങളും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആർജ്ജിതാവധി അക്കൗണ്ടിലെ അവധി വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിട്ടില്ല. 2022-23 ൽ ആർജ്ജിതാവധി കണക്കാക്കിയത് സംബന്ധിച്ച് രേഖപ്പെടുത്തുകയോ സറണ്ടർ നൽകിയത് സംബന്ധിച്ച വിവരങ്ങൾ സേവനപുസ്തകത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 66/18.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ കാലികമാക്കി ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ബഡ്സ് സ്കൂളിന് സാധനസാമഗ്രികൾ വാങ്ങൽ - പ്രോജക്ട് അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ബഡ്സ് സ്കൂൾ പ്രവർത്തനം - സാധനസാമഗ്രികൾ വാങ്ങൽ |
| പദ്ധതി നമ്പർ | 26/23 |

| | |
|---|---|
| പദ്ധതി അടങ്കൽ | 300000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 278676 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പ്രോജക്ടിന്റെ ഭാഗമായി ആകെ 278676 രൂപയുടെ സാധനസാമഗ്രികൾ ബഡ്സ് സ്കൂളിനായി വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ അവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബിൽ, പ്രോജക്ട് രൂപീകരണ ഫോറം എന്നിവ പ്രകാരം മേൽ തുക Externally Aided Funds ഇനത്തിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങളും (ബിൽ നം., ചെക്ക് നം. എന്നിവ), പ്രസ്തുത ഫണ്ട് ഏത് ഏജൻസിയിൽ നിന്നും ലഭിച്ചതാണെന്ന വിവരവും, ലഭിച്ച തുക ഏത് അക്കൗണ്ടിലാണ് വരവ് വെച്ചിട്ടുള്ളതെന്ന വിവരവും ലഭ്യമല്ല. കൂടാതെ ബഡ്സ് സ്കൂളിന്റെ ആവശ്യത്തിനായി ലഭിച്ച ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല.

2. ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ള ഭരണസമിതിയുടെ 06.06.22 തീയതിയിലെ ഇനം 9/1 തീരുമാനത്തിൽ പ്രോജക്ടിന്റെ ഭാഗമായി 4 ടെണ്ടർ ലഭിച്ചതായും അവയുടെ താരതമ്യ പട്ടികയുടെ വിവരവും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടിക്രമങ്ങളുടെ വിവരങ്ങൾ (ടെണ്ടർ നോട്ടീസ്, ലഭിച്ച ടെണ്ടറുകൾ എന്നിവ) ഒന്നും തന്നെ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഏതൊക്കെ ഇനങ്ങൾക്കാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.

3. മേൽ ഭരണസമിതി തീരുമാനത്തിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തത് ശ്രീകൃഷ്ണ ഏജൻസീസായതിനാൽ പ്രൊക്യയർമെന്റ് കമ്മിറ്റി മുൻപാകെ സാമ്പിൾ ഹാജരാക്കുന്നതിനും കമ്മിറ്റി ഗുണമേന്മ ഉറപ്പുവരുത്തുന്ന മുറയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനും അസി.സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പ്രൊക്യയർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ മേൽ പ്രോജക്ടിന്റെ ഭാഗമായി സാമ്പിൾ പരിശോധിച്ച് ഗുണമേന്മ അംഗീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

4. ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നുള്ള ഇൻവോയിസ് നം. A308/27.06.22 പ്രകാരം പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങളുടെ വിലയിലും കുറവായി നരിക്കാട്ടിൽ എന്ന സ്ഥപനം തുക ക്വാട്ട് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചെയ്യാതെ ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നും പർച്ചേസ് നടത്തിയതിനുള്ള കാരണം വ്യക്തമല്ല.

| ക്രമ നം. | ഇനം | പർച്ചേസ് ചെയ്ത എണ്ണം | ഒരെണ്ണത്തിന്റെ വില | നരിക്കാട്ടിൽ ക്വാട്ട് ചെയ്ത തുക |
|---|---|---|---|---|
| 1 | Chair (Wood) | 5 | 3800 | 3675 |
| 2 | Cot | 1 | 4500 | 3900 |

5. ചുവടെ പറയുന്ന സാധനസാമഗ്രികൾ ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നും പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം ക്വാട്ട് ചെയ്തിരുന്ന തുകയിൽ നിന്നും അധികരിച്ചുള്ള വിലയ്ക്കാണ് സാധനങ്ങൾ പർച്ചേസ് ചെയ്തിരിക്കുന്നത്.

| ക്രമ നം. | ഇനം | പർച്ചേസ് ചെയ്ത എണ്ണം | ഇൻവോയിസ് നം./തീയതി | ഒരെണ്ണത്തിന്റെ വില | ക്വാട്ട് ചെയ്ത തുക |
|---|---|---|---|---|---|
| 1 | Cooker (5 Lit) | 1 | A317/21.10.22 | 2550 | 1235 |
| 2 | Cooker (10 Lit) | 1 | | 4050 | 1600 |
| 3 | Induction Cooker | 1 | | 3600 | 2860 |

| | | | | | |
|---|---|---|---|---|---|
| 4 | Plastic Chair | 25 | A317/21.10.22 | 600 | 560 |
| 5 | Almara | 2 | | 9550 * | 8850 |
| 6 | Rack | 1 | | 7900 | 5900** |
| 7 | Almara | 1 | A331/23.03.23 | 13950* | 8850 |
| 8 | Rack | 2 | | 7900 | 5900 ** |

* രണ്ടു വ്യത്യസ്ത വിലകളിൽ അലമാര വാങ്ങിയിരിക്കുന്നു. എന്നാൽ അവയുടെ സ്പെസിഫിക്കേഷൻ ഇൻവോയിസിൽ ഉൾപ്പെടുത്തിയിട്ടില്ല.

** നരിക്കാട്ടിൽ എന്ന സ്ഥാപനം ക്വാട്ട് ചെയ്തിരിക്കുന്ന തുക 3450 രൂപ മാത്രമാണ്.

6. ചുവടെ ചേർക്കുന്ന ഇനങ്ങൾ ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നും പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ താരതമ്യ വിലവിവരത്തിൽ ടി സാധനങ്ങൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോയെന്ന വിവരം, ബന്ധപ്പെട്ട ടെണ്ടർ നോട്ടീസ് എന്നിവ ലഭ്യമല്ല.

| ക്രമ നം. | ഇനം | പർച്ചേസ് ചെയ്ത എണ്ണം | ഒരെണ്ണത്തിന്റെ വില | ഇൻവോയിസ് നം./തീയതി |
|---|---|---|---|---|
| 1 | Key Board | 1 | 950 | A331/23.03.23 |
| 2 | Speaker | 1 | 1300 | |
| 3 | Gas Stove | 1 | 2248 | |
| 4 | Desk | 1 | 4800 | A308/27.06.22 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/15.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്കുള്ള മറുപടി, ആവശ്യപ്പെട്ട രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-22 ബഡ്സ് സ്കൂൾ നടത്തിപ്പ് അപാകതകൾ - 19647 രൂപയുടെ സാധനങ്ങൾ ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ബഡ്സ് സ്കൂൾ നടത്തിപ്പ് |
| പദ്ധതി നമ്പർ | 27/23 |
| പദ്ധതി അടങ്കൽ | ആകെ 1200000<br>600000 (വികസനഫണ്ട് പൊതുവിഭാഗം)<br>600000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 358160 (വികസനഫണ്ട് പൊതുവിഭാഗം)<br>599199 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

1. മേൽ പ്രോജക്ടിന്റെ ഭാഗമായി ആകെ 358160 രൂപ ബഡ്സ് സ്കൂൾ ടീച്ചറിന്റെ വേതനയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ തുക അനുവദിച്ചുകൊണ്ടുള്ള ട്രഷറി ബില്ലുകൾ മാത്രമാണ് ഫയലിലുള്ളത്. ഏത് കാലയളവിലെ വേതനമാണെന്നു തെളിയിക്കുന്ന രേഖകളോ, അറ്റൻഡൻസ് വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ ജില്ലാമിഷനിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ 05.10.21 ലെ A2-3347/21 നം. ഉത്തരവ് പ്രകാരമാണ് ടീച്ചറിനെ താൽക്കാലികമായി എടുത്തിട്ടുള്ളത്. നിയമനം സംബന്ധിച്ച് ചുവടെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

എ) നിയമനവുമായി ബന്ധപ്പെട്ട് ടീച്ചറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ബി) എന്നുവരെയാണ് നിയമനം നൽകിയിട്ടുള്ളതെന്ന വിവരവും 2022-23ൽ കരാർ പുതുക്കി നൽകിയിട്ടുണ്ടോയെന്ന വിവരവും ലഭ്യമല്ല.

2. ബഡ്സ് സ്കൂളിന്റെ നടത്തിപ്പിനായി മേൽ പ്രോജക്ട് പ്രകാരം ആകെ 599199 രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ, പ്രോജക്ട് രൂപീകരണ ഫോറം എന്നിവ പ്രകാരം മേൽ തുക Externally Aided Funds ഇനത്തിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങളും (ബിൽ നം., ചെക്ക് നം. എന്നിവ), പ്രസ്തുത ഫണ്ട് ഏത് ഏജൻസിയിൽ നിന്നും ലഭിച്ചതാണെന്ന വിവരവും, ലഭിച്ച തുക ഏത് അക്കൗണ്ടിലാണ് വരവ് വെച്ചിട്ടുള്ളതെന്ന വിവരവും ലഭ്യമല്ല. കൂടാതെ ബഡ്സ് സ്കൂളിന്റെ ആവശ്യത്തിനായി ലഭിച്ച ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല.

3. KM Technologies എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ പറയുന്ന സാധനങ്ങൾ പർച്ചേസ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം/എണ്ണം | തുക | ഇൻവോയിസ് നം./തീയതി |
|---|---|---|---|
| 1 | A4 Laserjet MFP HP - 1 | 24988 | KMR/22-23/2270, Dt.21.02.23 |
| 2 | Laptop HP 250 G8 - 1 | 49845 | KMR/22-23/2378, Dt.27.02.23 |
| 3 | Interactive Display Temflo With Pendrive - 1 | 290000 | KMR/22-23/3002, Dt.24.03.23 |
| | ആകെ | 364833 | |

മേൽപ്പറഞ്ഞവ പർച്ചേസ് ചെയ്തതിന് പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്ത മാനദണ്ഡം/നടപടിക്രമത്തിന്റെ വിവരങ്ങൾ എന്നിവ ലഭ്യമല്ല.

4. ഇൻവോയിസ് നം. A327/20.03.23 പ്രകാരം 234366 രൂപയ്ക്ക് ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നും വിവിധ സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ പർച്ചേസുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോയെന്ന വിവരം, ബന്ധപ്പെട്ട ടെണ്ടർ നോട്ടീസ് എന്നിവ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 40/16.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട് 17.11.23 ന് ബഡ്സ് സ്കൂളിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇൻവോയിസ് നം. A327/20.03.23 പ്രകാരം 234366 രൂപയ്ക്ക് ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നും വാങ്ങിയ സാധനസാമഗ്രികളിൽ ചുവടെ പറയുന്നവ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. (തുക അനുവദിച്ചത് - ചെക്ക് നം.774629/30.03.23, തുക – 234366/-)

| ക്രമ നം. | ഇനം | വില | ഇൻവോയിസ് പ്രകാരമുള്ള എണ്ണം | പരിശോധനയിൽ കണ്ടെത്തിയ എണ്ണം |
|---|---|---|---|---|
| 1 | Jumping Tampolin | 4661 | 1 | 0 |
| 2 | CP Chair | 14986 | 1 | 0 |
| | ആകെ | 19647 | | |

ക്രമ നം. 1 പ്രകാരമുള്ള ഇനം ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം.2 പ്രകാരമുള്ള ഇനം വരവ് ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം. 9 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2. 2022 ജൂലൈ 26 നാണ് ബഡ്സ് സ്കൂളിന്റെ പ്രവർത്തനോദ്ഘാടനം നടത്തിയിട്ടുള്ളത്. ബഡ്സ് സ്കൂളിലെ കുട്ടികളുടെ

അറ്റൻഡൻസ് രജിസ്റ്ററിലും 2022 ആഗസ്റ്റ് മുതലാണ് അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളത്. അഡ്മിഷൻ രജിസ്റ്ററിൽ 2022 ൽ കുട്ടികൾ അഡ്മിഷൻ എടുത്തതിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ബഡ്സ് സ്കൂളിൽ ടീച്ചറിനെ നിയമിച്ചത് 05.10.21 ലെ A2-3347/21 നം. ഉത്തരവ് പ്രകാരമാണ്. ഇപ്രകാരം ടീച്ചറിനെ നിയമിച്ചതിന് ശേഷം ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനു ഇത്രയും കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കേണ്ടതും 2021 ഒക്ടോബർ മുതൽ 2022 ജൂലൈ വരെയുള്ള ടീച്ചറിന്റെ പ്രവർത്തനം/ജോലി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നം.27/23 പ്രകാരം ടീച്ചർക്ക് 11 മാസത്തെ വേതനം നൽകിയിട്ടുണ്ട്. ആയത് ഏതൊക്കെ മാസങ്ങളിലേതാണെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 61/17.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി, ആവശ്യപ്പെട്ട രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തുക അനുവദിച്ചതും എന്നാൽ ബഡ്സ് സ്കൂളിൽ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതുമായ സാധനങ്ങളുടെ വിലയായ 19647 രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-23 ബാലസഭ – പ്രോജക്ടിൽ ഉൾപ്പെടുത്താത്ത ഇനത്തിൽ തുക ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ബാലസഭ |
| പദ്ധതി നമ്പർ | 213/23 |
| പദ്ധതി അടങ്കൽ | 30000 (വികസനഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 29920 (വികസനഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ബിൽ നം./തീയതി | 293/4.1.2023 – 23920/-<br>492/23.2.2023 – 6000/- |

വാർഡ് അടിസ്ഥാനത്തിൽ ബാലസഭ, ബാലവേദി എന്നിവ സംഘടിപ്പിക്കുക, അതിന്റെ കീഴിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് മേൽ പ്രോജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്. 26.12.22 ൽ നടന്ന ബാലകലോത്സവുമായി ബന്ധപ്പെട്ട് 23920 രൂപ അനുവദിച്ചിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട സബ് വൗച്ചറുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അന്നേ ദിവസം ബാലസഭ നടന്നുവെന്ന് തെളിയിക്കുന്ന രേഖകൾ (പങ്കെടുത്തവരുടെ ലിസ്റ്റ്, നടത്തിയ കലാകായിക മത്സരങ്ങളുടെ വിവരം എന്നിവ) ലഭ്യമാക്കിയിട്ടില്ല.

എസിആർ ബിൽ നം. 492/23.02.23പ്രകാരം 6000 രൂപ അനുവദിച്ചിട്ടുണ്ട്. ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ടി തുക വിനോദയാത്ര നടത്തിയ ഇനത്തിലുള്ളതാണെന്ന് കാണുന്നു. അതിൽ 2000 രൂപ 11.02.23 ൽ നടത്തിയ യാത്രയുടെ ഭാഗമായി വണ്ടി വാടകയിനത്തിൽ Dream Days Tours & Travels എന്ന സ്ഥാപനത്തിന് നൽകിയതും 4000 രൂപ ഭക്ഷണചെലവിനായി Seven Star Canteen ന് നൽകിയതുമാണ്. എന്നാൽ ബാലവേദിയുടെ ഭാഗമായി വിനോദയാത്ര നടത്തുന്നത് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022 /തസ്വഭവ, തീയതി 28.05.22 ഖ.7.7.10 പ്രകാരമുള്ള നിർദ്ദേശത്തിലും വിനോദയാത്ര ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.43/16.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട്, മാർഗ്ഗരേഖ എന്നിവയിൽ ഉൾപ്പെടാത്ത ഇനത്തിന് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം – നടപടിക്രമങ്ങളിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം |
| പദ്ധതി നമ്പർ | 81/23 |
| പദ്ധതി അടങ്കൽ | 1000000 (വികസനഫണ്ട് എസ് സി പി) |

| | |
|---|---|
| പദ്ധതി ചെലവ് | 975000 (വികസനഫണ്ട് എസ് സി പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

കുടുംബത്തിന്റെ വാർഷിക വരുമാനപരിധി 300000 രൂപയ്ക്ക് വിധേയമായി ധനസഹായം നൽകുന്ന മേൽ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം. ഗുണഭോക്താക്കൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചവരാകരുത്. ആനുകൂല്യം ലഭിക്കുന്നതിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

ബി. ആനുകൂല്യം ലഭിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കൾ അവശ്യമായ എല്ലാ രേഖകളും അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | അപാകത |
|---|---|---|---|
| 1 | മിനി.ആർ | 75000 | വിവാഹത്തിന് തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 2 | ഗീത.എസ് | 75000 | പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 3 | ലജ.റ്റി.ആർ | 125000 | വരുമാനം തെളിയിക്കുന്ന രേഖ ലഭ്യമാക്കിയിട്ടില്ല. |
| 4 | രജനി.എസ് | 75000 | വിവാഹത്തിന് തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |

സി. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ, തീയതി 28.05.22 ഖ.7.2.1 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹത്തിന് 75000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. ഇതിന് വിരുദ്ധമായി പ്രോജക്ടിൽ 125000 രൂപ കൂടി ഉൾപ്പെടുത്തുകയും മേൽ പട്ടികയിലെ ക്രമ നം.3 പ്രകാരമുള്ള ഗുണഭോക്താവിനും ചുവടെ പറയുന്നവർക്കും 125000 രൂപ ധനസഹായം നൽകുകയും ചെയ്തിനുള്ള കാരണം വ്യക്തമല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ചന്ദ്രികബീന |
| 2 | പ്രേമലത |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.43/16.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രോജക്ടിൽ അധികമായി തുക വകയിരുത്തി ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-25 പിവിസി വാട്ടർ ടാങ്ക് – അപേക്ഷയും അനുബന്ധരേഖകളും ലഭ്യമാക്കിയില്ല – 199075 രൂപയുടെ

**ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതിയുടെ പേര് | പിവിസി വാട്ടർ ടാങ്ക് |
| പദ്ധതി നമ്പർ | 118/23 |
| പദ്ധതി അടങ്കൽ | ആകെ 216075<br>149075 (വികസനഫണ്ട് എസ് സി പി)<br>67000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 149075 (വികസനഫണ്ട് എസ് സി പി)<br>50000 (മറ്റുള്ളവ) |
| ബിൽ നം./തീയതി | 537/10.03.23 – 111250/-<br>729/28.03.23 – 37825/-<br>ചെക്ക് നം. 774624/23.03.23 – 50000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പ്രോജക്ടിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 67 പേർക്ക് പിവിസി വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ച പ്രസ്തുത വ്യക്തികളുടെ അപേക്ഷയും അനുബന്ധരേഖകളും ഗുണഭോക്തൃ ലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ക്വട്ടേഷൻ മുഖേന 750 ലിറ്ററിന്റെ 67 വാട്ടർ ടാങ്കാണ് 3225 രൂപ നിരക്കിൽ തിട്ടയിൽ ട്രേഡേഴ്സിൽ നിന്നും പർച്ചേസ് ചെയ്തിരിക്കുന്നത്. എന്നാൽ സ്ഥാപനത്തിന് ആകെ നൽകേണ്ട 216075 രൂപയിൽ 199075 രൂപ മാത്രമാണ് 2022-23 ൽ സ്ഥാപനത്തിന് നൽകിയത്. ബാക്കി തുകയായ 17000 രൂപ (ഗുണഭോക്തൃ വിഹിതം) സ്ഥാപനത്തിന് അനുവദിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

ബി) സ.ഉ.(കൈ)നം.115/2022/തസ്വഭവ, തീയതി 28.05.22 ഖ.6.6 ക്രമ നം. 5 പ്രകാരം 500 ലിറ്ററിന്റെ വാട്ടർ ടാങ്കാണ് വാങ്ങി നൽകേണ്ടത്. ഇതിനു വിരുദ്ധമായി 750 ലിറ്ററിന്റെ ടാങ്ക് പർച്ചേസ് ചെയ്തതിനുള്ള കാരണം വ്യക്തമല്ല.

സി) മേൽ ഖണ്ഡിക പ്രകാരം പട്ടികജാതി വിഭാഗത്തിന് 75% ആണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കൾക്ക് 69% സബ്സിഡി മാത്രമാണ് നൽകിയിട്ടുള്ളത് (3225 രൂപയിൽ 1000 രൂപ ഗു.വി, 2225 രൂപ സ്ഥാപന വിഹിതം).

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 44/16.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ്, ബന്ധപ്പെട്ട അപേക്ഷകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച 199075 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-26 വൃദ്ധർക്ക് കട്ടിൽ വിതരണം – ഗുണഭോക്തൃലിസ്റ്റും അപേക്ഷകളും ലഭ്യമാക്കിയില്ല – 210000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതിയുടെ പേര് | വൃദ്ധർക്ക് കട്ടിൽ വിതരണം |

| | |
|---|---|
| പദ്ധതി നമ്പർ | 82/23 |
| പദ്ധതി അടങ്കൽ | 217500 (വികസനഫണ്ട് എസ് സി പി) |
| പദ്ധതി ചെലവ് | 210000 (വികസനഫണ്ട് എസ് സി പി) |
| ബിൽ നം./തീയതി | 731/28.03.23 – 210000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

എ) മേൽ പ്രോജക്ടിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50 പേർക്ക് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ച പ്രസ്തുത വ്യക്തികളുടെ അപേക്ഷയും അനുബന്ധരേഖകളും ഗുണഭോക്തൃ ലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) വിതരണ രജിസ്റ്റർ പ്രകാരം 48 പേർക്ക് മാത്രമാണ് കട്ടിൽ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നത്. ബാക്കി 2 എണ്ണം വിതരണം ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 44/16.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ്, ബന്ധപ്പെട്ട അപേക്ഷകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച 210000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കന്നുകുട്ടി പരിപാലനം - ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് ഡയറക്ടർ, എസ്.എൽ.ബി.പി, തിരുവനന്തപുരം ഓഫീസിൽ നിന്നും ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ യഥാക്രമം 27972/- രൂപയും 18638.50 രൂപയും ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. വിഷയത്തിൽ, വെറ്റിനറി സർജൻ എസ്.എൽ.ബി.പി അസിസ്റ്റന്റ് ഡയറക്ടർക്ക് 17.03.23-ന് നൽകിയ ഇ-മെയിൽ സന്ദേശത്തിന് മറുപടിയായി മേൽ പദ്ധതികളുടെ ചെലവഴിക്കാത്ത തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പൂർത്തിയാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുള്ളതായിഅറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 23/14.11.23-ന്റെ മറുപടി). വിഷയത്തിൽ തുടപടർനടപടി സ്വീകരിച്ച് തുക ക്രമീകരിക്കുന്ന മുറയ്ക്ക് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-28 അടുക്കളമുറ്റത്തെ കോഴിവളർത്തൽ - എസ്.സി - ഗുണഭോക്തൃലിസ്റ്റിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം. | S0121/23 |
| പ്രോജക്ടിന്റെ പേര് | അടുക്കളമുറ്റത്തെ കോഴിവളർത്തൽ - എസ്.സി.പി |
| അടങ്കൽ | 63600/- |
| ചെലവ് | 63600/- |
| ഫണ്ട് | വികസന ഫണ്ട് - എസ്.സി.പി |
| ബിൽ നം | 143/28.10.2022 - 63600/- |

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മുട്ട ഉൽപ്പാദനം സ്വയം പര്യാപ്തതയിലേയ്ക്കു എത്തിക്കുന്നതിന്റെ

ഭാഗമായി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 106 പട്ടികജാതി ഗുണഭോക്താക്കൾക്ക് 45-60 ദിവസം പ്രായമായ 5 മുട്ടക്കോഴികളെ വീതം സൗജന്യമായി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ അപേക്ഷ പരിശോധിച്ചതിൽ, ഗുണഭോക്തൃ ലിസ്റ്റിലെ 2-ാം നമ്പർ ഗുണഭോക്താവായ ശ്രീമതി. രതില, വയൽത്തിട്ടവീട് എന്നയാൾ എസ്.സി. വിഭാഗത്തിൽ ഉൾപ്പെടുന്ന എന്നത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 24/14.11.23-ന് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി സാധൂകരിക്കാവുന്നതല്ല. തുടർ വർഷങ്ങളിൽ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഹോമിയോ മരുന്ന് ലഭ്യമാകുന്നതിലെ കാലതാമസം

| | |
|---|---|
| പ്രോജക്റ്റ് നം. | S0095/23 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 250000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 250000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ബിൽ നം. | 202/25.11.2022 – 250000 |

2022-23 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതിയ്ക്ക് പ്രൊഫോർമ ഇൻവോയ്സിന്റെയും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ 250000/-രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ Invoice No. LF-596/20.7.2023 പ്രകാരം 151617/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 98383/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 57/17.11.23)

ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തൽ – കൂടുതൽ തുകയ്ക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുത്തു

| | |
|---|---|
| പ്രോജക്റ്റ് നം. | S0245/23 |
| പ്രോജക്റ്റിന്റെ പേര് | ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 171430/- |
| ചെലവ് | 102657/- |
| ഫണ്ട് | ഹെൽത്ത് ഗ്രാന്റ് |
| സാംഖ്യ ബിൽ നം | 513/1.3.2023 - 21299/-<br>515/1.3.23 – 67462/- |

| | |
|---|---|
| | 578/16.3.23 – 13896/- |

പെരുമാതുറ കുടുംബാരോഗ്യ കേന്ദ്രത്തിലെ ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതിയ്ക്കായി Double Door Refrigerator-1, Phelebotomy Chair-1, Revolving Chair-1, Steel Almirah With 4 Shelves – 1 എന്നിവ ലഭ്യമാക്കുന്നതിനായി ആർട്ട്കോ - 67462/- രൂപ, കാഡ്കോ - 56078/- രൂപ, സിഡ്കോ - 67616/- രൂപ ക്രമത്തിൽ Proforma Invoice ലഭിച്ചിരുന്നു. ആയതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കാഡ്കോയെ തെരഞ്ഞെടുക്കാതെ രണ്ടാമത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ആർട്ട്കോയെ തെരഞ്ഞെടുക്കാനുണ്ടായ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നം.46/16.11.23 ന് മറുപടി ലഭ്യമാക്കിയില്ല. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കാഡ്കോയെ തെരഞ്ഞെടുക്കാതിരുന്നതിനുമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 പുട്ടുകട ഇരുപാറ റോഡ് ബേം കോൺക്രീറ്റ് – ഫയൽ ഹാജരാക്കിയില്ല – 205940 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നം | 53/23 | |
| പേര് | പുട്ടുകട ഇരുപാറ റോഡ് ബാക്കിഭാഗം ബേം കോൺക്രീറ്റ് | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| മെയിന്റനൻസ് -റോഡ് | 207000 | 205940 |
| ആകെ | 207000 | 205940 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് രജിസ്റ്ററിൽ ഈ പദ്ധതിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. ബന്ധപ്പെട്ട ഫയലും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 36/16.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 205940/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-32 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നം | 141/23 | |
| പേര് | പി.എം.എ.വൈ ആവാസ് പ്ലസ്-ഗ്രാമപഞ്ചായത്ത് വിഹിതം (ജനറൽ) | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്( പൊതുവിഭാഗം) | 980000/- | 840000/- |

| | | |
|---|---|---|
| ആകെ | 980000/- | 840000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(സർക്കിൾ -1) | |

പ്രസ്തുത പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി ബ്ലോക്ക് പഞ്ചായത്തിന് നൽകിയ 840000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം 79/18.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-33 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിനായി ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള വിവിധ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ .

| ഗുണഭോക്താവിന്റെ പേര് | നിലവിൽ കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|
| ജോതി ബാബു ബി.എസ് നിവാസ്,ചിറയിൻകീഴ് | 40000/- | **24.01.2018** |
| പ്രസ്സന്ന അയന്തിയിൽ പുത്തൻവീട്, ആനത്തലവട്ടം | 40000/- | 07.09.2018 |
| സിന്ധു എസ്, തുരുത്തിയിൽവീട്,ആനത്തലവട്ടം | 40000/- | 10.03.2021 |

ഗുണഭോക്താക്കൾ ചമച്ച കരാർ പത്രികയിലെ വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാറിലേർപ്പെട്ട് തുക കൈപ്പറ്റിയതിനു ശേഷം ഇതുവരെയും നിർമ്മാണം തുടങ്ങാത്ത/ പൂർത്തീകരിക്കാത്തവർക്കെതിരെ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 82/18.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-34 മഴക്കാല പൂർവ ശുചീകരണം - ചെലവുരേഖകൾ ഹാജരാക്കിയില്ല - 167500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0216/23 |
| പ്രോജക്ടിന്റെ പേര് | മഴക്കാല പൂർവ ശുചീകരണം |
| അടങ്കൽ | 380000/- |
| ചെലവ് | 357500/-<br>(190000 - സംസ്ഥാനാവിഷ്കൃതം,<br>167500 - തനത് ഫണ്ട്) |
| ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട്, തനത് ഫണ്ട് |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

മഴക്കാല പൂർവ്വ ശുചീകരണത്തിനായി പഞ്ചായത്തിലെ 19 വാർഡുകളിലെ ശുചീകരണ പ്രവർത്തനത്തിനായി 7500/- രൂപാ വീതം 142500/- രൂപയുടെയും, പ്രസ്തുത പദ്ധതിയ്ക്കായി IEC Acralic Board സ്ഥാപിക്കുന്നതിനായി ശ്രീ.നജീംഷാ യ്ക്ക് കൈമാറിയ 47500/- രൂപ (സാംഖ്യ ബിൽ നം. 559/15.3.23 - 47500/-)യുടെയും ചെലവുരേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 167500/- രൂപയുടെ ചെലവുരേഖകൾ (എ.സി.ആർ-ലെ Traditional Functions-ൽ നിന്നും ലഭ്യമായ ബിൽ നം.360/31.1.23 – 7500, 395/7.2.23 – 7500, 396/7.2.23-7500, 436/14.2.23 -7500, 439-14.2.23-7500, 440/14.2.23 -7500, 441/14.2.23-7500, 442/14.2.23 -7500, 483-22.2.23 -7500, 484/22.2.23 -7500, 480/22.2.23 - 7500, 479/22.2.23 -7500, 478/22.2.23 -7500, 504/1.3.23 -7500, 552/15.3.23 -47500, 572/16.3.23 – 7500, 590/20.3.23 – 7500) ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.47/16.11.23-ന് മറുപടി ലഭ്യമാക്കിയില്ല.

ചെലവു രേഖകൾ ഹാജരാക്കുന്നതുവരെ 167500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 സുരക്ഷ പദ്ധതി – മാനസികാരോഗ്യപരിപാടിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0142/23 |
| പ്രോജക്ടിന്റെ പേര് | സുരക്ഷ – മാനസികാരോഗ്യ പരിപാടിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 200000/- |
| ചെലവ് | 200000/- |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഹിതം- സാധാരണ വിഹിതം |
| ബിൽ നം. | 165/3.11.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

മാനസികാരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ കണ്ടെത്തി ആശുപത്രിയിൽ എത്തിക്കുന്നതിനും അവർക്ക് ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ കോ-ഓർഡിനേറ്റർ വാർഡുകൾ സന്ദർശിച്ച് മാനസികാരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ കണ്ടെത്തി ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. ബിൽ നം. 165/3.11.2022 പ്രകാരം 200000/- രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ 28/15.11.2023-ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 നിർവ്വഹണ ഏജൻസി മുഖേന പ്രോജക്ട് – തുക അടവാക്കിയതിനനുസൃതമായ എസ്റ്റിമേറ്റ് ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 168/23<br>സ്ട്രീറ്റ് മെയിൻ നീട്ടൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | CFC |
| അടങ്കൽ | 1,98,358 |
| ചെലവ് | 1,56,765 |

| | |
|---|---|
| ബിൽ നം./ തീയതി. | 215/ 28.11.22 - 97125 /-<br>708/ 28.03.23 - 59640 /- |
| നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി. |

പതിനാലാം പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)84/22 തീ.19.04.22] മാർഗ്ഗനിർദ്ദേശ പ്രകാരം നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന ഡെപ്പോസിറ്റ് പ്രവ്യത്തികൾക്ക്, നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. നിർവ്വഹണ ഏജൻസിയായ മേൽ പ്രോജക്ടിന്റെ, സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ട് ചെലവായ 1,56,765 രൂപയുടെ Detailed Estimate ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. (46,626/- രൂപയുടെ എസ്റ്റിമേറ്റ്, വാർഡ് 6-ലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്കായുള്ള കമ്മിറ്റി തീരുമാനം എന്നിവയാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്). ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/26.10.23-ന് ലഭ്യമാക്കിയ മറുപടിയിൽ, പൂർണ്ണമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം, നിർവ്വഹണ ഏജൻസി തയ്യാറാക്കി, സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശഭരണ സ്ഥാപനത്തിന് ലഭ്യമാക്കുന്ന എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി തുക അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയിൽ നിന്ന് എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 വാതിൽപടി സേവനം - പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | S0226/23 - വാതിൽപടി സേവനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 20000 |
| ചെലവ് | 0 |

പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)84/22/തസ്വഭവ തീയതി 19.4.2022, ഖ.6.9(7) പ്രകാരം പ്രായാധിക്യം, ഗുരുതരരോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രോജക്ട് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം, 2022-23 സാമ്പത്തിക വർഷം രൂപീകരിച്ച മേൽ പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. പതിനാലാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/10.11.23 -ന് ലഭ്യമാക്കിയ മറുപടിയിൽ, സന്നദ്ധ സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനായില്ല എന്നും തുടർ വർഷത്തിൽ പ്രോജക്ട് നിർവ്വഹണം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള പ്രോജക്ടുകളുടെ രൂപീകരണത്തിനും സമയബന്ധിതമായ നിർവ്വഹണത്തിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-38 ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നം/പേര് | SO 224/23<br>ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| ഫണ്ടിനം | വികസന ഫണ്ട് | തനത് |
| അടങ്കൽ | 168000 | 120000 |

| | | |
|---|---|---|
| ചെലവ് | 0 | 120000 |
| ചെക്ക് നം./ തീയതി. | 774629/30.03.23-Canera Bank | |

വൃക്ക രോഗികൾക്ക് ഡയാലിസിസിന് സഹായം നൽകുന്നതിനായി ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടിനായി പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/22/ത.സ്വ.ഭ.വ. തീ.28.05.22) ഖ.7.6.7 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മേൽ വിഷയത്തിൽ പ്രോജക്ട് ആവശ്യമെങ്കിൽ, ബ്ളോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി പ്രോജക്ടായി രൂപീകരിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രോജക്ട് രൂപീകരിക്കാത്തതിന് കാരണം ലഭ്യമല്ല.

2. ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിൽ നിന്ന് ജില്ലാ പഞ്ചായത്തിന് കൈമാറിയ മേൽ പ്രോജക്ടിനായുള്ള ഗുണഭോക്താക്കളുടെ വിശദാംശം. യോഗ തീരുമാനത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല. [ത.സ്വ.ഭ.(ഡിഎ) വകുപ്പിന്റെ ഡി.എ.1/151/2022 നമ്പർ സർക്കുലറിൽ ഗുണഭോക്തൃലിസ്റ്റ് നിർബന്ധമായും ഗ്രാമസഭ അംഗീകരിച്ചതാവണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.]

3. പ്രോജക്ടിനായി തുക വകയിരുത്തിയതിന്റെ മാനദണ്ഡം ലഭ്യമല്ല.

4. ത.സ്വ.ഭ.(ഡിഎ) വകുപ്പിന്റെ ഡി.എ.1/151/2022 നമ്പർ സർക്കുലറിൽ ഡയാലിസിസിനുള്ള ധനസഹായത്തുക ആശുപത്രികൾക്ക് തന്നെ നൽകേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. തുക ജില്ലാ പഞ്ചായത്തിനാണ് കൈമാറിയിട്ടുള്ളത്.

5. വികസന ഫണ്ടിൽ നിന്ന് വകയിരുത്തിയിരുന്ന 1,68,000 /- രൂപയുടെ ബിൽ ജനറേറ്റ് ചെയ്ത് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചെലവ് സൂലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

6. പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ ബിൽ നം., ചെക്ക് നം. , തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമല്ല.

7. ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/15.09.23 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് രൂപീകരണം നിർവ്വഹണം എന്നിവ, സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ച് നിർവ്വഹിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-39 നിർവ്വഹണ ഏജൻസികളിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭിക്കാനവശേഷിക്കുന്നു.

| ക്രമ നം | പ്രോജക്ട് | തുക | ഫണ്ടിനം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 243/23- ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണം | 1,30,000 | വികസനഫണ്ട് | ജില്ലാ ആസൂത്രണ സമിതി |
| 2 | 157/23, IKM, Share | 1,30,767 | വികസനഫണ്ട് | IKM |
| 3 | 224/23- ഡയാലിസിസ് രോഗികൾക്ക് സഹായം നൽകൽ | 120,000 | തനത് | ജില്ലാ പഞ്ചായത്ത് |
| 4 | 168/23 – സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 1,56,765 | CFC | KSEB |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.10/10.11.23-ന്റെ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-40 കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി - സംയുക്ത പ്രോജക്ട് - ഫണ്ട് വിഹിതം ഉറപ്പുവരുത്തണം

| പ്രോജക്ട് നം/പേര് | S0158/23<br>കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി | | | | |
|---|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | | | | |
| ഫണ്ടിനം | വികസന ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഗുണഭോക്തൃ വിഹിതം | ആകെ |
| അടങ്കൽ | 152842 | 76500 | 76500 | 53212 | 359054 |
| ചെലവ് | 152842 | 76500 | 34000 | 53212 | 316554 |

കേദാരം സമഗ്രനെൽകൃഷി വികസനത്തിന്റെ ഭാഗമായി നെൽകർഷകർക്ക് ഒന്ന്, രണ്ട് വിള നെൽകൃഷിക്ക് ധനസഹായം, നെൽവിത്ത്, വളം എന്നിവ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 73/18.11.23-നുള്ള മറുപടിയിൽ, ജില്ലാ പഞ്ചായത്ത് ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണ് തുക ചെലവഴിക്കാൻ കഴിയാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ഫണ്ട് ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.
2. പ്രോജക്ട് പൂർത്തീകരണ പത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

തുടർവർഷങ്ങളിൽ, പ്രോജക്ട് നിർവ്വഹണം അപാകതകൾ കൂടാതെ, പൂർത്തീകരിക്കുന്നതിനും നെൽകർഷകർക്ക് അർഹമായ തുക യഥാസമയം വിതരണം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ഭിന്നശേഷി കലോത്സവം - ചെലവ് രേഖയുടെ അഭാവത്തിൽ 9540/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| പ്രോജക്ട് നം./പേര് | SO 76/23 ഭിന്നശേഷി കലോത്സവം |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 75000 |
| ചെലവ് | 75000 |
| ബിൽ നം./ തീയതി. | 151/3.11.22-6000/-<br>152/3.11.23 - 2600/-<br>153/3.11.23-1700/-<br>154/3.11.23-30260/-<br>155/03.11.23-10000/- |

| | | |
|---|---|---|
| | | 157/3.11.23-8000/-<br>159/3.11.23-2400/-<br>226/7.12.23-4500/- |

ഭിന്നശേഷി കുട്ടികൾക്ക് പങ്കെടുക്കാൻ കഴിയുന്ന ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ടിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 75,000/- രൂപയാണ്. ഫയലിൽ 65460/- രൂപയുടെ ബിൽ പകർപ്പുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.31/15.11.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ, 9540/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-42 വൃദ്ധർക്ക് കട്ടിൽ (ജനറൽ) – ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങൽ – അധികചെലവ്

| | |
|---|---|
| പ്രോജക്ട് നം./പേര് | SO242/23<br>വൃദ്ധർക്ക് കട്ടിൽ (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 7,74,300 |
| ചെലവ് | 7,74,207 |
| ബിൽ നം./ തീയതി. | 186/17.11.22 – 434948/-<br>208/28.11.22 – 339259/- |

1. സബ്സിഡി മാർഗ്ഗരേഖപ്രകാരം, 4350/- രൂപയിൽ അധികരിക്കാത്ത കട്ടിൽ വാങ്ങി നൽകുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.(ഖ.7.1.14(2)). ആർട്ട്കോയിൽ നിന്ന് ഇതേ നിരക്കിലാണ് (4350/- രൂപ) കട്ടിൽ വാങ്ങിയിട്ടുള്ളത്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നിർവ്വഹിച്ച പ്രോജക്ടിൽ സിഡ്കോയിൽ നിന്ന് 4200 നിരക്കിൽ കട്ടിൽ വാങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ, ഒരു കട്ടിലിന് 150 രൂപനിരക്കിൽ 178 കട്ടിലുകൾക്കായി 26,700/- രൂപയുടെ അധിക ചെലവ് ഉണ്ടാകുന്നതിന് ഇടയായിട്ടുണ്ട്. വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/15.11.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ വാങ്ങലുകളിൽ Financial Propriety പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

2. 178 കട്ടിലുകൾ വാങ്ങിയതിൽ, വിതരണ രജിസ്റ്റർ പ്രകാരം 176 കട്ടിലുകളാണ് വിതരണം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന 2 കട്ടിലുകളുടെ വിതരണ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

3. ആർട്ട്കോയിൽ നിന്ന് Sample കട്ടിൽ വിതരണം ചെയ്തതിന്റെ വിശദാംശം, പരിശോധന റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

4. ചെലവ് രേഖകൾ പ്രകാരം 7,74,207/- രൂപയാണ് ARTCO-യ്ക്ക് അനുവദിച്ചിട്ടുള്ളത്.എന്നാൽ ആർട്ട്കോ നിരക്ക്,വാങ്ങിയ എണ്ണം എന്നിവ പ്രകാരം 774300/-ആണ് നൽകേണ്ടത്.

അപാകതകളിന്മേൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-43 പകൽ വീട് – കരാർ നിരക്കിലും അധികമായി തുക അനുവദിച്ചു – 1,69,750/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നം./പേര് | SO 151/23<br>പകൽ വീട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 6,00,000 |
| ചെലവ് | 6,00,000 |
| ബിൽ നം./ തീയതി. | 214/28.11.22 – 38987/-<br>227/07.12.22 – 24050/-<br>228/7.12.22-7900/-<br>280/3.01.23-3920/-<br>278/3.01.23 – 106940/-<br>341/17.01.23-2050/-<br>490/22.02.23-2800/-<br>491/22.2.23-5700/-<br>559/16.3.23-115200/-<br>562/16.03.23-62,000/-<br>622/27.03.23-443/- |

ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത് മുഖേന വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്ന പകൽവീടിന് വേണ്ടി ഭക്ഷണം, ഫർണിച്ചർ, ഉപകരണങ്ങൾ, ആയയുടെ വേതനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി രൂപീകരിച്ച പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 30.12.22-ലെ 5/4 നമ്പർ ഭരണസമിതി യോഗ തീരുമാനപ്രകാരം, പകൽ വീടിലെ അന്തേവാസികൾക്ക് ഭക്ഷണം നൽകുന്നതിന് ശ്രീമതി. മിനികൃഷ്ണന്റെ ടെണ്ടർ (ഒരാളിന് ഒരു ദിവസത്തേക്ക് 110 രൂപ നിരക്കിൽ) അംഗീകരിച്ച് നൽകി കരാറിൽ ഏർപ്പെടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ, കരാറിൽ ഏർപ്പെട്ടിട്ടില്ല. ശ്രീമതി. മിനികൃഷ്ണന്റെ FSSAi രജിസ്ട്രേഷൻ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2. ശ്രീമതി. മിനികൃഷ്ണന് ഡിസംബർ 30 വരെ, ഒരാളിന് ഒരു ദിവസത്തേക്ക് 110 രൂപ നിരക്കിലും തുടർന്ന് ഡിസംബർ 31 മുതൽ മാർച്ച് 31 വരെ ഒരാളിന് ഒരു ദിവസത്തേക്ക് 140 രൂപ നിരക്കിലും തുക അനുവദിച്ചിരിക്കുന്നു. 110 രൂപയിൽ നിന്ന് വർദ്ധിപ്പിച്ച് 140രൂപ നിരക്കിൽ തുക അനുവദിച്ചതിന് ആധാരമായ രേഖ ഹാജരാക്കിയിട്ടില്ല.

3. 01.02.23-ലെ ബിൽ പ്രകാരം, 30.12.22 മുതൽ, 31.01.23 വരെയുള്ള,( 30-ാം തീയതിയിലെ 19 + ജനവരി മാസത്തെ 375 എണ്ണം ) ഭക്ഷണ ചെലവിനുള്ള തുക ശ്രീമതി. മിനികൃഷ്ണന് അനുവദിച്ചിട്ടുണ്ട്. തുടർന്ന് 14.02.23-ലെ ബിൽ പ്രകാരം ജനവരി മാസത്തെ ഭക്ഷണ ചെലവായി **8590/-** രൂപ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ, ജനവരി മാസത്തേയ്ക്ക് രണ്ടാമത് തുക അനുവദിച്ചതിന് കാരണം, സാധൂകരിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ചെലവ് തടസ്സം ചെയ്യുന്നു

4. 16.03.23ലെ ബിൽ പ്രകാരം 19 ദിവസത്തെ (358 എണ്ണം) ഭക്ഷണ ചെലവായി 50120/- രൂപയ്ക്കു പകരം, 50,400/- രൂപ അനുവദിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച തുക **280/-.**

5. 28.03.23-ന് തയ്യാർ ചെയ്ത ബില്ലിൽ 01.03.23 മുതൽ 31.03.23 വരെയുള്ള ഭക്ഷണ ചെലവിന്റെ തുക, കെയർടേക്കറുടെ

ഓണറേറിയം, വാഹന വാടക എന്നിവ അനുവദിച്ചിട്ടുണ്ട്.

6. പകൽ വീടിന് വാഹനം ഓടുന്നതിനായി ശ്രീ.സുനിൽകുമാർ സമർപ്പിച്ച ക്വട്ടേഷൻ (പ്രതി മാസം 32,000 രൂപ) 29.11.22-ലെ 9(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് കരാറിൽ ഏർപ്പെടാൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറിൽ ഏർപ്പെട്ടിട്ടില്ല.

7. പകൽ വീടിനായി വാഹനം ഓടുന്നതിനായി ശ്രീ.സുനിൽകുമാർ സമർപ്പിച്ച ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതിമാസ നിരക്ക് 32,000 രൂപയാണ്. എന്നാൽ, ശ്രീ. സുനിൽകുമാറിന് പ്രതി ദിനം 2500/- രൂപ നിരക്കിൽ ഡിസംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലേക്കായി പ്രതിമാസം 55,000/- രൂപ അനുവദിച്ചിരിക്കുന്നു. 32,000 രൂപ നിരക്കിൽ 4 മാസത്തേക്ക് അനുവദിക്കാവുന്ന തുക 1,28,000/- രൂപ. അനുവദിച്ചത് (55,000*4= 2,20,000). **ശ്രീ. സുനിൽകുമാറിന് അധികമായി അനുവദിച്ച 92,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.**

8. 23.11.22-ലെ 36(2) നമ്പർ തീരുമാനപ്രകാരം, ശ്രീമതി.നദീറ എൻ, സുധീർ മൻസിൽ എന്ന വ്യക്തിയെയാണ് പകൽ വീടിന്റെ കെയർ ടേക്കറായി തെരഞ്ഞെടുത്തിട്ടുള്ളത്. ഫയൽ രേഖകൾ പ്രകാരം ശ്രീമതി. വീണ.യു.കെ. എന്ന വ്യക്തിക്കാണ് കെയർടേക്കറുടെ വേതനം അനുവദിച്ചിട്ടുള്ളത്. സാധൂകരിക്കുന്ന രേഖ ലഭ്യമാക്കേണ്ടതാണ്.

9. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്റ്റിന്റെ ആകെ ചെലവ് 6,00,000/- രൂപയാണ് 5,95,150/- രൂപയുടെ ബില്ലുകളാണ് ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ളത്. 4850/- രൂപയുടെ ചെലവ് ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല.

10. മേൽ വിഷയങ്ങളിൽ നൽകിയ **ഓഡിറ്റ് എൻക്വയറി നമ്പർ - 62/17.11.23-ന്** മറുപടിയായി ലഭ്യമാക്കിയ പകൽ വിടിന്റെ ഹാജർ രേഖകൾ പരിശോധിച്ചതിൽ

ഹാജർ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള Inmates-ന്റെ എണ്ണവും ഭക്ഷണ വിതരണത്തിന് ബില്ലിനൊപ്പം സമർപ്പിച്ചിട്ടുള്ള Claim-ലെ എണ്ണവും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു.

ഡിസംബർ -22

| ക്രമ നം | തീയതി | ഹാജർ പ്രകാരം അന്തേവാസികൾ | ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം തുക അനുവദിച്ചിട്ടുള്ളത് | അധികമായി അനുവദിച്ചത് |
|---|---|---|---|---|
| 1 | 01 | - | 20 | 20*110=2200 |
| 2 | 02 | - | 18 | 18*110=1980 |
| 3 | 03 | - | - | - |
| 4 | 04 | - | - | - |
| 5 | 05 | - | 20 | 20*110=2200 |
| 6 | 6 | - | 19 | 19*110 = 2090 |
| 7 | 7 | - | 20 | 20*110=2200 |
| 8 | 8 | - | 19 | 19*110 = 2090 |
| 9 | 9 | - | 19 | 19*110 = 2090 |
| 10 | 10 | - | - | - |

| | | | | |
|---|---|---|---|---|
| 11 | 11 | - | - | - |
| 12 | 12 | - | 20 | 20*110=2200 |
| 13 | 13 | - | 20 | 20*110=2200 |
| 14 | 14 | - | 19 | 19*110 = 2090 |
| 15 | 15 | - | 20 | 20*110=2200 |
| 16 | 16 | - | 20 | 20*110=2200 |
| 17 | 17 | - | - | - |
| 18 | 18 | - | - | - |
| 19 | 19 | - | 18 | 18*110=1980 |
| 20 | 20 | - | 19 | 19*110 = 2090 |
| 21 | 21 | 13 | 20 | 7*110=770 |
| 22 | 22 | 15 | 20 | 5*110=550 |
| 23 | 23 | 14 | 2* | 6*110=660 |
| 24 | 24 | - | - | |
| 25 | 25 | - | - | |
| 26 | 26 | 15 | 19 | 4*110=440 |
| 27 | 27 | 15 | 20 | 5*110=550 |
| 28 | 28 | 15 | 20 | 5*110=550 |
| 29 | 29 | 15 | 19 | 4*110=440 |
| 30 | 30 | 15 | 19 | 4*140=560 |
| 31 | 31 | - | - | |
| | | | **ആകെ** | **34330** |

* ബില്ലിൽ20 ദിവസത്തേക്ക് തുക ക്ലെയിം ചെയ്തിട്ടുണ്ട്.

മാസം: ജനുവരി -23

| ക്രമ നം | തീയതി | ഹാജർ പ്രകാരം അന്തേവാസികൾ | ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം തുക അനുവദിച്ചിട്ടുള്ളത് | അധികമായി അനുവദിച്ചത് |
|---|---|---|---|---|
| 1 | 01 | - | - | - |
| 2 | 02 | - | - | - |
| 3 | 03 | 16 | 18 | 2*140=280 |
| 4 | 04 | 15 | 18 | 3*140=420 |
| 5 | 05 | 17 | 19 | 2*140=280 |
| 6 | 6 | 13 | 18 | 5*140=720 |
| 7 | 7 | - | - | |
| 8 | 8 | - | - | |
| 9 | 9 | 14 | 18 | 4*140=560 |
| 10 | 10 | 14 | 18 | 4*140=560 |
| 11 | 11 | 14 | 18 | 4*140=560 |
| 12 | 12 | 13 | 16 | 3*140=420 |
| 13 | 13 | 14 | 17 | 3*140=420 |
| 14 | 14 | - | - | - |
| 15 | 15 | - | - | - |
| 16 | 16 | 17 | 19 | 2*140-280 |

| | | | | |
|---|---|---|---|---|
| 17 | 17 | 16 | 18 | 2*140=280 |
| 18 | 18 | 15 | 18 | 3*140=420 |
| 19 | 19 | 17 | 20 | 3*140=420 |
| 20 | 20 | 18 | 20 | 2*140=280 |
| 21 | 21 | - | - | |
| 22 | 22 | - | - | |
| 23 | 23 | 17 | 20 | 3*140=420 |
| 24 | 24 | 17 | 20 | 3*140=420 |
| 25 | 25 | 16 | 20 | 4*140=560 |
| 26 | 26 | - | - | |
| 27 | 27 | 16 | 20 | 4*140=560 |
| 28 | 28 | - | - | |
| 29 | 29 | - | - | |
| 30 | 30 | 15 | 19 | 4*140=560 |
| 31 | 31 | 17 | 19 | 4*140=560 |
| **ആകെ** | | | | **8980** |

മാസം : ഫെബ്രുവരി -22

| ക്രമ നം | തീയതി | ഹാജർ പ്രകാരം അന്തേവാസികൾ | ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം തുക അനുവദിച്ചിട്ടുള്ളത് | അധികമായി അനുവദിച്ചത് |
|---|---|---|---|---|
| 1 | 01 | 18 | 18 | - |
| 2 | 02 | 18 | 19 | 1*140=140 |
| 3 | 03 | 16 | 18 | 2*140=280 |
| 4 | 04 | - | - | - |
| 5 | 05 | - | - | - |
| 6 | 6 | 15 | 19 | 4*140=560 |
| 7 | 7 | 17 | 19 | 2*140=280 |
| 8 | 8 | 15 | 18 | 3*140=420 |
| 9 | 9 | 14 | 19 | 5*140=700 |
| 10 | 10 | 16 | 19 | 3*140=420 |
| 11 | 11 | | - | |
| 12 | 12 | | - | |
| 13 | 13 | - | - | |
| 14 | 14 | 17 | 19 | 2*140=280 |
| 15 | 15 | 17 | 20 | 3*140=420 |
| 16 | 16 | 16 | 20 | 4*140=560 |
| 17 | 17 | 13 | 20 | 7*140=980 |
| 18 | 18 | | - | - |
| 19 | 19 | | - | - |
| 20 | 20 | 18 | 20 | 2*140=280 |
| 21 | 21 | 17 | 18 | 2*140=280 |
| 22 | 22 | 15 | 19 | 4*140=560 |
| 23 | 23 | 17 | 19 | 2*140=280 |

| | | | | |
|---|---|---|---|---|
| 24 | 24 | 16 | 19 | 3*140=420 |
| 25 | 25 | - | - | - |
| 26 | 26 | - | - | - |
| 27 | 27 | 15 | 10 | -5*140=-700 |
| 28 | 28 | 13 | 19 | 6*140=840 |
| 29 | 29 | - | - | - |
| 30 | 30 | - | - | - |
| 31 | 31 | - | - | - |
| | | | **ആകെ** | **8400** |

മാസം: മാർച്ച്-22

| ക്രമ നം | തീയതി | ഹാജർ പ്രകാരം അന്തേവാസികൾ | ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം തുക അനുവദിച്ചിട്ടുള്ളത് | അധികമായി അനുവദിച്ചത് |
|---|---|---|---|---|
| 1 | 01 | 15 | 18 | 3*140=420 |
| 2 | 02 | - | - | |
| 3 | 03 | - | - | |
| 4 | 04 | - | - | |
| 5 | 05 | - | - | |
| 6 | 6 | 15 | 20 | 5*140=700 |
| 7 | 7 | - | - | |
| 8 | 8 | 15 | 18 | 3*140=420 |
| 9 | 9 | 16 | 19 | 3*140=420 |
| 10 | 10 | 18 | 20 | 2*140=280 |
| 11 | 11 | - | - | |
| 12 | 12 | - | - | |
| 13 | 13 | 17 | 19 | 2*140=280 |
| 14 | 14 | 18 | 20 | 2*140=280 |
| 15 | 15 | 16 | 20 | 4*140=560 |
| 16 | 16 | 17 | 19 | 2*140=280 |
| 17 | 17 | 10 | 18 | 8*140=1120 |
| 18 | 18 | - | - | |
| 19 | 19 | - | - | |
| 20 | 20 | 15 | 20 | 5*140=700 |
| 21 | 21 | 14 | 19 | 5*140=700 |
| 22 | 22 | 15 | 19 | 4*140=560 |
| 23 | 23 | 15 | 18 | 3*140=420 |
| 24 | 24 | - | 19 | 19*140=2660 |
| 25 | 25 | - | - | |
| 26 | 26 | - | - | |
| 27 | 27 | 16 | 20 | 4*140=560 |
| 28 | 28 | 15 | 20 | 5*140=700 |
| 29 | 29 | 17 | 20 | 3*140=420 |
| 30 | 30 | 16 | 19 | 3*140=420 |

| | | | | |
|---|---|---|---|---|
| 31 | 31 | 15 | 18 | 3*140=420 |
| | | | ആകെ | 12320 |

ഡിസംബർ മുതൽ മാർച്ച് മാസം വരെ ആകെ 64030 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.(ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.84-ന് മറുപടി ലഭ്യമാക്കിയിട്ടില്ല) അധികമായി അനുവദിച്ച തുകയുടെ ചെലവ് (64030 രൂപ) തടസ്സം ചെയ്യുന്നു.

ചെലവ് തടസ്സം ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഖണ്ഡിക നം. | ഇനം | തുക |
|---|---|---|---|
| 1 | 3 | അധികമായി അനുവദിച്ച ജനുവരി മാസത്തെ തുക (ശ്രീമതി. മിനി) | 8590 |
| 2 | 4 | അധികമായി അനുവദിച്ച മാർച്ച് മാസത്തെ തുക (ശ്രീമതി. മിനി) | 280 |
| 3 | 7 | ശ്രീ. സുനിൽകുമാറിന് അധികമായി അനുവദിച്ച തുക | 92,000 |
| 4 | 9 | ചെലവ് രേഖ ലഭ്യമല്ല | 4850 |
| 5 | 10 | ഹാജർ പ്രകാരം അധികം അനുവദിച്ച തുക (ശ്രീമതി. മിനി) | 64030 |
| | | ആകെ | 1,69,750 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം. 84/18.11.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ ചെലവ് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22) ഖ.8.8.3(vi) പ്രകാരം പകൽ വീടുകളിലെ സൗകര്യം പ്രയോജനപ്പെടുത്തുന്നവരിൽ അർഹതയുള്ളവർക്ക് പാകം ചെയ്ത ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിന് പ്രോജക്റ്റ് ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. പകൽ വീടിന്റെ പ്രവർത്തനം സർക്കാർ മാനദണ്ഡപ്രകാരം നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-44 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക (97978) തടസ്സം ചെയ്യുന്നു

| | |
|---|---|
| 1. പ്രോജക്റ്റ് നം./പേര് | SO 194/23<br>വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 1,00,000 |
| ചെലവ് | 97978 |
| ബിൽ നം./ തീയതി. | 664/28.03.23-66666/-<br>666/28.03.23-31312/- |

ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് വേണ്ടി വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ (വാക്കിംഗ് സ്റ്റിക്ക്, വീൽചെയർ) വാങ്ങുന്നതിന് രൂപീകരിച്ച പ്രോജക്റ്റ്. പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പ്രോജക്റ്റിന്റെ ചെലവ്(ബിൽ പകർപ്പ്), പ്രോജക്റ്റ് പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ ലഭ്യമല്ല.

2. വീൽചെയർ വിതരണം ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശം, ഡോക്ടറുടെ ശുപാർശ ലഭ്യമല്ല .

(വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 33 / 15.11.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

ചെലവ് രേഖകളുടെ അഭാവത്തിൽ പ്രോജക്റ്റിനായി ചെലവ് ചെയ്ത 97,978/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-45 ലാപ് ടോപ്പ് വാങ്ങൽ - സ്റ്റോക്ക്, വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക (49997) തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നം./പേര് | SO 240/23<br>ഐസിഡിഎസ് സൂപ്പർവൈസർക്ക് ലാപ് ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| ഫണ്ടിനം | മെ.ഫ.(നോൺ റോഡ്) |
| അടങ്കൽ | 49997 |
| ചെലവ് | 49997 |
| ബിൽ നം./ തീയതി. | 176/09.11.22 |

KM Technologies-ൽ നിന്ന് 49997/- രൂപ ചെലവിൽ ഐസിഡിഎസ് സൂപ്പർവൈസർക്ക് ലാപ് ടോപ്പ് (Acer -I3/512/14 – DDR4-4 GB) വാങ്ങിയതിന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ, ഇതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ ,സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ - 33/15.11.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല**)**. രേഖകളുടെ അഭാവത്തിൽ, ചെലവ് തുക (49,997 രൂപ) തടസ്സം ചെയ്യുന്നു. ക്വട്ടേഷൻ, സ്റ്റോക്ക്, വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-46 സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ചെലവ് രേഖ ലഭ്യമാക്കിയില്ല - 3,39,740/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു**

| | | | | |
|---|---|---|---|---|
| പ്രോജക്ട് നം./പേര് | SO 215/23 സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ | | | |
| ഫണ്ടിനം | വികസന ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ |
| അടങ്കൽ | 698250 | 349125 | 349125 | 1396500 |
| ചെലവ് | 698250 | 349115 | 349125 | 1396490 |
| ബിൽ നം./ തീയതി. | 136/27.10.22-396750/-<br>137/27.10.22-17500/-<br>266/28.12.22-8350/-<br>342/17.1.23 – 43750/-<br>425/14.02.23- 220410/-<br>488/22.02.23-11490/- | | | |

ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ-75 /18.11.23) .

1. ഗുണഭോക്തൃ ലിസ്റ്റിൽ 46 വിദ്യാർത്ഥികളാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രോജക്ട് പ്രകാരം 54 വിദ്യാർത്ഥികൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

2. ഓരോ വിദ്യാർത്ഥിക്കും ലഭിക്കേണ്ട തുക പൂർണ്ണമായും അനുവദിച്ചിട്ടില്ല. പതിനാലാം സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)115/22/ത.സ്വ.ഭ.വ. 28.05.22 ഖ.7.1.6.(ഇ) ) പ്രകാരം അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അനുവദിക്കുന്നതിന്

പ്രോജക്റ്റ് ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

3. ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാർത്ഥികളുടെ വിവരം, ഗുണഭോക്തൃലിസ്റ്റ്, അപേക്ഷ എന്നിവ ക്രമമായി, പരിശോധനാവിധേയമാക്കത്തക്കവണ്ണം സൂക്ഷിച്ചിട്ടില്ല.

4. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 17.08.16-ലെ സ.ഉ(കൈ)2465/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പരിപാലിക്കേണ്ട ഭിന്നശേഷി സ്കോളർഷിപ്പ് നേടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. പതിനാലാം സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)115/22/ത.സ്വ.ഭ.വ. 28.05.22 ഖ.7.1.3(4)) പ്രകാരം പരിപാലിക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഭിന്നശേഷി സ്കോളർഷിപ്പ് നേടുന്ന വിദ്യാർത്ഥികളുടെ ഡിജിറ്റൽ രജിസ്റ്റർ പരിപാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

6. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു

| ക്രമനം | പേര് | അപാകത |
|---|---|---|
| 1 | അനന്തകൃഷ്ണൻ | അപേക്ഷ ലഭ്യമല്ല, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2 | അർജിൻ ഷാജി | രേഖകൾ പ്രകാരം അക്കൗണ്ട് നം. 67324787457 SBI, Sarkkara, തുക അനുവദിച്ച അക്കൗണ്ട് നം. 67179526500 |
| 3 | മയൂഖ | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല, അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല |
| 4 | നിഥിൻ എസ്എസ് | അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ല |
| 5 | പത്മിനി വി. | അപേക്ഷ ലഭ്യമല്ല, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 6 | വസന്ത് എസ്.പി. | 2.12.22, 27.10.22 തീയതികളിലെ ബില്ലിലെ തുക (4375, 8750) അനുവദിച്ചിരിക്കുന്നത് കൃഷ്ണകുമാരി കെ.ആറിന്റെ അക്കൗണ്ടിലേക്കാണ് |
| 7 | ശ്രുതി, മുഹമ്മദ് ഷഹീൻ, സാരംഗി | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |

7. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 46 വിദ്യാർത്ഥികളിൽ 18 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല എന്നാൽ അധികമായി 26 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. പതിനാലാം സബ്സിഡി മാർഗ്ഗരേഖ [സ.ഉ(കൈ)115/22/ത.സ്വ.ഭ.വ. 28.05.22 ഖ.7.1.6.(ഇ)] പ്രകാരം ധനസഹായം നൽകേണ്ട ഗുണഭോക്താക്കളുടെ വിശദാംശം ഐ.സി.ഡി.എസ് സൂപ്പർവൈസർ, CDPO മുഖേന ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് മുൻകൂട്ടി നൽകേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇത്തരത്തിൽ അർഹരായ വിദ്യാർത്ഥികളുടെ ഗുണഭോക്തൃ ലിസ്റ്റ് യഥാസമയം മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാർ ചെയ്യാത്തതിനാലാണ് മേൽ അപാകതകൾ നിലനിൽക്കുന്നത്.

വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

8. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 13,96,490/- രൂപയാണ്. 10,56,750/- രൂപയുടെ ബില്ലുകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ചെലവ് രേഖകളുടെ അഭാവത്തിൽ, വ്യത്യാസം നിലനിൽക്കുന്ന 3,39,740/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-47 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 26,532/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നം./പേര് | SO 212/23 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 130000 |
| ചെലവ് | 110200 |
| ബിൽ നം./ തീയതി. | 150/03.11.22- 52968/-<br>527/03.03.23 – 26532/-<br>623/27.03.23 – 13500/-<br>668/28.03.23 – 6600/-<br>667/28.03.23 – 5300/-<br>669/28.03.23 – 5300/- |

ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

അഭിനന്ദൻ, മുഹമ്മദ് അബ്ദുള്ള, അമ്പാടി, നിജിത് കുമാർ, മുഹമ്മദ് ഫാരിസ്, കരൺ ഷൈബ്, മുഹമ്മദ് അഫ്ലഹ്, ശരൺ മനു. സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ള ശാരീരീക വെല്ലുവിളി നേരിടുന്ന മേൽ വിദ്യാർത്ഥികളെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ ഗുണഭോക്തൃ ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ നിർവ്വഹണോദ്യോഗസ്ഥൻ (ഐസിഡിഎസ് സൂപ്പർവൈസർ) മതിയായ ശ്രദ്ധ പുലർത്തിയിട്ടില്ല. അർഹതപ്പെട്ട ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 17.08.16-ലെ സ.ഉ(കൈ)2465/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തയ്യാറാക്കി സൂക്ഷിക്കേണ്ട ഭിന്നശേഷി സ്കോളർഷിപ്പ് നേടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 1,10,200 - രൂപയാണ്. 83668/- രൂപയുടെ ബില്ലുകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ചെലവ് രേഖകളുടെ ആഭാവത്തിൽ 26,532/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

4. തുക അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഉദാ. അപേക്ഷാരേഖകൾ പ്രകാരം 2-ാം ക്ളാസിൽ പഠിക്കുന്ന കരൺ ഷൈബിന് 8828 രൂപയും +2വിന് പഠിക്കുന്ന അമ്പാടിക്ക് 5328 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

5. വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടില്ല. പതിനാലാം സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)115/22/ത.സ്വ.ഭ.വ. 28.05.22 ഖ.7.1.6.(ഇ) ) പ്രകാരം അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അനുവദിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

മേൽ അപാകങ്ങളിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 76/18.11.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ശാരീരിക ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് സബ്സിഡി മാർഗ്ഗനിർദ്ദേശത്തിൽ അനുശാസിക്കുന്ന പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രത്യേക ശ്രദ്ധയും മോണിറ്ററിംഗും ഉണ്ടാകേണ്ടതാണ്.

## 1-48 250000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസിൽ നിന്നും കുറവ് ചെയ്ത് ഒടുക്കുന്നില്ല.

| | | |
|---|---|---|
| പ്രോജക്ട് നം | 228/23 | |
| പേര് | ഗാർഹിക ബയോകമ്പോസ്റ്റർ ബിൻ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(ധനകാര്യ കമ്മീഷഷൻ അവാർഡ്) | 408240/- | 406414/- |
| ഗുണഭോക്തൃവിഹിതം | 45360/- | 45360/- |
| ആകെ | 453600/- | 451774/- |
| ബിൽ നം. | 751/29.3.23 – 316059<br>469/21.2.23 – 90355 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(സർക്കിൾ -2) | |

ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും അതിലൂടെ മാലിന്യ നിർമ്മാർജ്ജനം, സമ്പൂർണ്ണ ശുചിത്വം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ബയോകമ്പോസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ട്. ഒരു ബയോകമ്പോസ്റ്റ് ബിന്നിന്റെ വില 2161.60 രൂപാ നിരക്കിൽ 209 എണ്ണം ഐ.ആർ.റ്റി.സി.പി.ഐ.യു.വിൽ നിന്നും 451774/രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യു വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം. 65/39/2018 DOR എന്നിവ പ്രകാരം 250000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ IRTC Project Implementation Unit ന് തുക അനുവദിച്ചപ്പോൾ GST-TDS കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.77/18.11.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 250000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതാണ്.

## 1-49 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23

1) 2022-23 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 304 എണ്ണം പ്രവൃത്തികൾ ഉൾപ്പെടുത്തി 179169 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ 133988 തൊഴിൽദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് അന്വേഷണം നം. 69/18.11.2023 ന്റെ മറുപടി)

| പ്രവൃത്തി ഇനം | ലക്ഷ്യമിട്ട എണ്ണം | ആകെ മനുഷ്യദിനങ്ങൾ | നടപ്പിലാക്കിയ പ്രവൃത്തികൾ | നടപ്പിലാക്കിയതിന്റെ ശതമാനം | ഉപയോഗിച്ച മനുഷ്യദിനങ്ങൾ |
|---|---|---|---|---|---|
| മണ്ണ് ജലസംരക്ഷണം | 183 | 170853 | 169 | 75.30 | 128666 |
| കുളം നവീകരണം | 1 | 1431 | 1 | 69.46 | 994 |
| ഭവന നിർമ്മാണം | 67 | 6030 | 53 | 65.32 | 3939 |
| വ്യക്തിഗത ആനുകൂല്യ പ്രവൃത്തികൾ | 53 | 855 | 17 | 45.49 | 389 |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

2) പ്രസ്തുത പദ്ധതിയിലെ പ്രവൃത്തികളിൽ തൊഴിലാളികളുടെ കൂലിയും, ഡിസ്പ്ലേ ബോർഡിന്റെ വിലയും ചേർത്താണ് ചെലവ് തുക കണക്കാക്കിയിരിക്കുന്നത്. ഇതിൽ ഡിസ്പ്ലേ ബോർഡുമായി ബന്ധപ്പെട്ട രേഖകൾ (ബില്ല്, രസീത്, ഫോട്ടോ) ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കൂലി, ഡിസ്പ്ലേബോർഡിന്റെ തുക- ചെലവ് തുക |
|---|---|---|
| 01 | മണ്ണ് ജല സംരക്ഷണം-അയന്തിയിൽ | 296383 + 2900 = 299283 |
| 02 | മണ്ണ് ജല സംരക്ഷണം-പെട്രോൾ പമ്പിന്റെ ഭാഗം ഒറ്റപ്പന | 280522 + 2900 = 283422 |
| 03 | മണ്ണ് ജല സംരക്ഷണം-കൊച്ചുവീട് മേൽകടയ്ക്കാവൂർ | 289541 + 2900 = 292441 |
| 04 | മണ്ണ് ജല സംരക്ഷണം-ഗുരുവിഹാർ | 274403 + 2900 = 274403 |
| 05 | മണ്ണ് ജല സംരക്ഷണം-മഠത്തിൽ വിളഭാഗം | 280522+ 2900 = 283422 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.85/18.11.2023-ന് ഡിസ്പ്ലേ ബോർഡ് വാങ്ങുന്നത് കിഴുവിലം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാതൃക എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നാണെന്നും 5000/- രൂപയ്ക്ക് താഴെയുള്ള ജി.എസ്.ടി ഇല്ലാത്ത ബില്ലായതിനാൽ ആദ്യം ബില്ല് വാങ്ങിയിട്ടില്ലായിരുന്നുവെന്നും, ബില്ല് വാങ്ങി പ്രത്യേകം ഫയലാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും അടുത്ത ഓഡിറ്റിന് ബില്ലുകൾ അടങ്ങിയ ഫയൽ പരിശോധനയ്ക്ക് നൽകുന്നതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്. തുടർവർഷങ്ങളിൽ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-50 പാലിയേറ്റീവ് ഭവന സന്ദർശനം - രേഖപ്പെടുത്തലുകൾ വരുത്തിയില്ല

ഹോംകെയർ രജിസ്റ്റർ, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 28.9.2022 ന് ശേഷം 13.12.2022 നാണ് രജിസ്റ്ററിലും ലോഗ് ബുക്കിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്. 10/22, 11/22 മാസങ്ങളിലെയും ഡിസംബർ മാസത്തിലെ 1 മുതൽ 12 വരെയുള്ള ദിവസങ്ങളിലും പാലിയേറ്റീവ് ടീം ഭവന സന്ദർശനം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 83/18.11.23)

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2.6.4 പ്രകാരം ഹോം കെയർ റിപ്പോർട്ട് ബുക്കിൽ അതാത് ദിവസത്തെ ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. പാലിയേറ്റീവ് കെയർ മാർഗ്ഗരേഖയ്ക്കനുസരിച്ച് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ രജിസ്റ്ററുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 1-51 ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി(വനിത)-പാലിന്റെ അളവിൽ പൊരുത്തക്കേട്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 56/23(SPILL OVER) |

| | | |
|---|---|---|
| പേര് | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി(വനിത) | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (സാധാരണ വിഹിതം) | 21,618/- | 21,618/- |
| ബിൽ നമ്പർ | 03/31.10.2022 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്പെക്ടർ | |

ക്ഷീര കർഷകരായ വനിതകൾക്ക പാലിന സബ്സിഡി നൽകുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്റ്റ് പരിശോധിച്ചതിൽ നിന്നും ക്ഷീര സംഘങ്ങളിൽ നിന്നും ലഭ്യമാക്കുന്ന പാലളവ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക അനുവദിച്ചിരിക്കുന്നതെന്ന് കാണുന്നു. എന്നാൽ കടകം ക്ഷീരോല്പാദന സംഘത്തിൽ ഗുണഭോക്താക്കൾ നൽകിയ പാലിന്റെ അളവും സബ്സിഡി ലിസ്റ്റിലെ പാലിന്റെ അളവും തമ്മിൽ അന്തരം കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സംഘത്തിൽ അളന്ന പാലിന്റെ അളവ് (സംഘത്തിന്റെ രജിസ്റ്റർ പ്രകാരം )(ലിറ്ററിന് ) | സബ്സിഡി ലിസ്റ്റിലെ പാലിന്റെ അളവ് (ലിറ്ററിന് ) |
|---|---|---|
| ഗീത ബി | 130 | 330 |
| രാധാമണി | 100 | 300 |
| ലതിക എസ് | 56 | 156 |
| ഷീബ വി | 52 | 152 |

സംഘങ്ങളിൽ നൽകിയ പാലിന്റെ അളവ് പരിശോധിക്കാതെ സബ്സിഡി അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.30/15.11.2023 ന് ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1.സംഘത്തിലെ രേഖകൾ സ്റ്റേറ്റ്മെന്റുമായി ഒത്തു പരിശോധിച്ച് ശരിയാണ് എന്ന് ഉറപ്പുവരുത്തിയതിന ശേഷമാണ് സബ്സിഡി നൽകുന്നതെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ പാലിന്റെ അളവിൽ വന്ന വ്യത്യാസത്തിനുള്ള കാരണം ലഭ്യമാക്കിയിട്ടില്ല. സബ്സിഡി നൽകിയ പാലിന്റെ അളവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2.പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന മറ്റു ക്ഷീരസംഘങ്ങളിലെ പാലിന്റെ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല. ആയതു ഹാജരാക്കേണ്ടതാണ് .

3.സബ്സിഡി തുക ഗുണഭോക്താവിന് നൽകുന്നതിന് മുൻപ് പാലിന്റെ അളവ് സംഘത്തിലെ രജിസ്റ്ററുമായി ഒത്തുനോക്കി ഉറപ്പുവരുത്തേണ്ടതും ടി വിവരങ്ങളുടെ പകർപ്പുകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-52 മത്സ്യ ബന്ധന മേഖല - പദ്ധതി രൂപീകരണം

പഞ്ചായത്തിന്റെ അവസ്ഥാവിശകലന റിപ്പോർട്ടിൽ ഉത്പാദനോപാധികളുടെ ക്ഷാമവും, ശീതീകരണ ബോക്സിന്റെ ക്ഷാമവും മത്സ്യതൊഴിലാളികൾ നേരിടുന്ന പ്രധാന വെല്ലുവിളികളായി സൂചിപ്പിച്ചിരിക്കുന്നു. കൂടാതെ 1187 ബിപിഎൽ മത്സ്യ ബന്ധന കുടുംബങ്ങൾ കഴിയുന്ന ഈ പഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് ഗുണം ലഭിക്കുന്നതായ പദ്ധതികളുടെ ആവശ്യകതയും ഏറെയാണ്. എന്നാൽ പഞ്ചായത്തിലെ മത്സ്യബന്ധന മേഖലക്കായി 2022-23 വർഷത്തിൽ നടപ്പാക്കിയ പ്രോജക്ടുകളിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക ലാപ്ടോപ്പ് നൽകുന്നത് മാത്രമാണ് തൊഴിലാളികൾക്ക നേരിട്ട് ഗുണം ലഭിക്കുന്നതായ പദ്ധതി. മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ അവതരിപ്പിച്ച ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് ഗുണം ലഭിക്കുന്നതും മത്സ്യ മാർക്കറ്റിംഗിനെ ത്വരിതപ്പെടുത്തുന്നവയുമാണെങ്കിലും അവയൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.

- മത്സ്യത്തൊഴിലാളികളുടെ ഭവന അറ്റകുറ്റപണികൾ
- മത്സ്യത്തൊഴിലാളികൾക്ക വള്ളവും വലയും
- മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും

തുടർ വർഷങ്ങളിൽ മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ മുന്നോട്ടുവെയ്ക്കുന്ന ഇത്തരം നിർദേശങ്ങൾക്ക് മുൻതൂക്കം നൽകി, മത്സ്യ തൊളിലാളികൾക്ക് നേരിട്ട് ഗുണം ലഭിക്കുന്നതായ പദ്ധതികൾ തയ്യാറാക്കാൻ പ്രത്യേകം ശ്രദ്ധ

നൽകേണ്ടതാണ്.

## 1-53 മരാമത്ത് പ്രവൃർത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചില്ല-ഫൈൻ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലില്ല. അത്കൊണ്ട് തന്നെ കരാറുകാറുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച് കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീട് ഉള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം.എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 01 | 43-പണയിൽ കണിയാമ്പലം ഓട നിർമ്മാണം<br>കോൺട്രാക്ടർ-ജോയ് എസ് ദാസ്<br>കരാർ തുക-415078.5 | 22.09.2021 | 5 മാസം(21.02.2021) | 17.03.2023 | 22.02.2021 മുതൽ 21.05.2021 വരെ-415078.5 *1% = 4151 രൂപ<br>22.05.2021 മുതൽ 17.03. 2023 വരെ- 415078.5 *2% = 60328<br>ആകെ 64479 രൂപ |
| 02 | 44-വേലിയ്ക്കകം അംഗൻവാടി നടവഴിയിൽ ഓട നിർമ്മാണം<br>കോൺട്രാക്ടർ-ജോയ് എസ് ദാസ്<br>കരാർ തുക-799537.48 | 29.12.2021 | 4 മാസം(28.04.2022) | 05.09.2022 | 29.04.2022 മുതൽ 28.07.2022 വരെ- 799537.48 *1% =7995<br>29.07.2022 മുതൽ 05.09.2022വരെ- 799537.48 *2% =6929<br>ആകെ-14924രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 03 | 46-പുതുവൽ റോഡിൽ റീ കോൺക്രീറ്റ്,ഓട നിർമ്മാണം<br>കോൺട്രാക്ടർ-സതീഷ് കുമാർ<br>കരാർ തുക-895458.78 | 22.09.2021 | 5 മാസം(21.02.2022) | 13.09.2022 | 22.02.2022 മുതൽ 21.05.2022 വരെ-895458.78 *1%= 8955<br>22.05.2022 മുതൽ 13.09.2022 വരെ-895458.78 *2% =22486<br>ആകെ-31441 രൂപ |

2.

| ക്രമ നം | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ ഈടാക്കേണ്ടത് | പിഴ ഈടാക്കിയത് |
|---|---|---|---|---|---|---|
| 01 | 33-പഴഞ്ചിറ വാലുവിള തോടിന് സംരക്ഷണഭിത്തി നിർമ്മാണം<br>കോൺട്രാക്ടർ-അനിൽകുമാർ<br>കരാർ തുക-819956 | 20.01.2021 | 04 മാസം(19.05.2021) | 31.03.2022 | 20.05.2021 മുതൽ 19.08.2021 വരെ-8200<br>20.08.2021 മുതൽ 31.03.2022 വരെ-40086 രൂപ<br>ആകെ-48286 രൂപ | 21430 രൂപ |

മരാമത്ത് മാന്വൽ/ഉടമ്പടി കരാർ പ്രകാരമുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 76500 | കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി | 76500 | 0 |
| | | 0 | 80000 | ന്യൂ ലൈഫ് - ലക്ഷം വീട് കോളനിയിലെ വീട് വാസയോഗ്യമാക്കൽ - ജനറൽ | 80000 | 0 |
| | | 0 | 320000 | ലൈഫ് ഭവന നിർമ്മാണം - പട്ടികജാതി | 320000 | 0 |
| | | 0 | 160000 | ലൈഫ് ഭവന നിർമ്മാണം - അഡീഷണൽ മത്സ്യതൊഴിലാളി | 160000 | 0 |
| | | 0 | 260000 | ലൈഫ് ഭവന നിർമ്മാണം - അഡീഷണൽ പട്ടികജാതി വിഭാഗം | 260000 | 0 |
| | | 0 | 970000 | ലൈഫ് 2020 - എസ് സി | 970000 | 0 |
| | | 0 | 100000 | അങ്കണവാടി പോഷകാഹാര പരിപാടി | 100000 | 0 |
| | | 0 | 349115 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 349115 | 0 |
| | | 0 | 197645 | പാലിന് സബ്സിഡി - ജനറൽ | 197645 | 0 |
| | | 1144762 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 1144672 |
| **ആകെ** | | **1144762** | **2513260** | | **2513260** | **1144762** |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 34000 | കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി | 34000 | 0 |
| | | 0 | 400000 | ലൈഫ് ഭവന നിർമ്മാണം - അഡീഷണൽ മത്സ്യതൊഴിലാളി | 400000 | 0 |
| | | 0 | 760000 | ലൈഫ് ഭവന | 760000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നിർമ്മാണം - ഭൂമി വാങ്ങിയവർക്ക് ഭവനനിർമ്മാണം | | |
| | | 0 | 349125 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 349125 | 0 |
| | | 152300 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 152300 |
| **ആകെ** | | **152300** | **1543125** | | **1543125** | **152300** |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1144762 | 2513260 | 3658022 | 2513260 | 1144762 | 0 | 1144762 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 152300 | 1543125 | 1695425 | 1543125 | 152300 | 0 | 152300 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 168/23-സ്ട്രീറ്റ്ലൈൻ നീട്ടൽ | 156765 | - | 156765 |
| | ആകെ | 156765 | | 156765 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 3366291 | 264062 * | 3630353 | - | 3630353 | 3630353 |
| കേരള വാട്ടർ അതോറിറ്റി | 3067597 | - | 3067597 | - | 3067597 | 3067597 |

* 107297 രൂപ പോസ്റ്റ് ഷിഫ്റ്റിംഗിനായി തനത് ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക |
|---|---|---|---|
| 1 | 22201017/30.01.23 | 440663/23-01-2023 | 11627 |
| 2 | 22201021/31.01.23 | 440668/25-01-2023 | 14424 |
| 3 | 22201020/31.01.23 | 440667/25-01-2023 | 64990 |
| 4 | 22201210/09.03.23 | 774619/09-03-2023 | 16256 |
| | | ആകെ | 107297 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018 /തസ്വഭവ തീ.18.05.2018 | 6972000 | 9500000 | 1864367 | 14607633 |
| മിത്രം ഭവന വായ്പ | ജി.ഒ (എം.എസ്)നം.207/2009 തീ.07.11.2009 | 9373528 | - | 3060727 | 6312801 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 2005-06 | 3-5 | 2009-10 | ഖരമാലിന്യത്തിന് അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 24336918 |
| ഓഡിറ്റ് വർഷത്തെ വരവ് | 59974047 |
| ആകെ | 84310965 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 53513697 |
| നീക്കിയിരിപ്പ് | 30797268 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1476052 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗ പേരും |
|---|---|---|
| 1-25 | 1,99,075 | ശ്രീമതി നിഷ.വി.ആർ,<br>അസി.സെക്രട്ടറി |
| 1-26 | 2,10,000 | ശ്രീമതി നിഷ.വി.ആർ,<br>അസി.സെക്രട്ടറി |
| 1-31 | 2,05,940 | ശ്രീമതി. ശ്രീവിദ്യ.എസ്<br>അസി. എഞ്ചിനീയർ |
| 1-34 | 1,67,500 | ഡോ. അനോൾഡ് ദീപക്<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-41 | 9540 | ശ്രീമതി. ബേനസീർ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-43 | 169750 | ശ്രീമതി. ബേനസീർ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-44 | 97978 | ശ്രീമതി. ബേനസീർ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-45 | 49,997 | ശ്രീമതി. ബേനസീർ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-46 | 3,39,740 | ശ്രീമതി. ബേനസീർ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-47 | 26,532 | ശ്രീമതി. ബേനസീർ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 1476052 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി നിഷ.വി.ആർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | അനീഷ, റ്റി.സി 29/1207, പാൽക്കുളങ്ങര, പേട്ട.പി.ഒ, തിരുവനന്തപുരം – 695024 |
| ശ്രീമതി. ശ്രീവിദ്യ.എസ് അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കല്ലറവാതുക്കൽ ഗ്രാമപഞ്ചായത്ത് | കൊമ്പിൽ, റ്റി.സി 4/1573/1, തഞ്ചിലെൻ, പാങ്ങപ്പാറ പി.ഒ, തിരുവനന്തപുരം |
| ഡോ. അർനോൾഡ് ദീപക്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | പി.എച്ച്.സി, വേളി | - |
| ശ്രീമതി. ബെനസീർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ചിറയിൻകീഴ് | JPഅപ്പാർട്ട്മെന്റ് നം.102, വെഞ്ഞാറമൂട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1399/2016, 03.08.2016 | 4 |
| 2015-16 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8/2196 /2016, 28.12.2016 | 4 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1615/2017, 04.08.2017 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/2548/2018, 01.02.2019 | 34 |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1034(1)/2019, 30.07.2019 | 22 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1683/2021, 31.12.2021 | 44 |
| 2020-21 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1732/2021 | 39 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1762/2022, തീ.16.12.22 | 47 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 27-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chirayinkeezhu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chirayinkeezhu Grama Panchayat for the year 2022-2023

**Date: 25/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Chirayinkeezhu Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. Mandatory Statements are not submitted for Audit eg: The financial ratios, notes to accounts, B-1 Shedule (Adjusted performance for the current year) are not submitted with the annual financial statement.

2. Cash flow statement-Net increase/decrease in cashflow (6460350/-) doesnot match with the net cash generated during the financial year (11386647/-).

3. Lapses in making timely and accurate demand entries in respect of tax revenue.

4. The valuation of stock and stores are not done at the end of the financial year. No amount is included

in the B-14 Stock in hand (inventories) schedule.

5. Non disclosure of expense due- Expenses due such as honorarium for members, fuel expenses due in the current fincancial year are not included in balance sheet as provision of expense due (B-9).

6. An amount of 44450/- was collected in respect of Profession tax âÂÂ Institutions (Current). But the demand entry of the same amount has been booked in Profession Tax Traders head (1102001005).

7. Deposit register and Advance register are not reliable for audit.

8. supporting documents were not provided for proving the authenticities of prior period items. eg:prior period expense -miscellaneous expense Rs.1483/-

9. Balances of the following accounts in the B-4 schedule does not match with respective bank account balances.

| Sl No. | Item | Bank Account Details | Balance as per B-4 | Balance as per RP-40(b) |
|---|---|---|---|---|
| 1 | CFC Grant | Federal bank - 10660100189769 | 16622173 (15103281 + 1518892) | 14521548 |
| 2 | Health Grant for Support for diagnostic Infrastructure to the phc | Canara bank - 110044427753 | 89233 | 87306 |
| 3 | Health Grant towards the conversion of PHC and subcentres into Health and Wellness Centres | Canara bank - 110044427883 | 67400 | 69327 |
| 4 | Donations Related to Pandemic Control | Federal bank - 10660100189884 | 35785 | 18067 |

10. Misclassification of receipt voucher - eg. 1) The amount collected in respect of the Receivables For Licence Fees For Factories, Traders, Enterpreneuors and Other Services (arrear) are wrongly entered in the Penalties And Fines - Penal Interest head. 2) An amount of Rs.547/- received as Fee For Building Regularisation is wrongly entered in the Permit Fee for Construction of Buildings head.

11. Depreciation for certain fixed assets (eg:water ways public lighting) are not included in Income & Expenditure Statement.

12. Bank account details not included in Annual Financial Statement. eg. Canara bank account (No. 110049371997) opened for Vathilpadi Sevanam.

13. The amount of 4394882/- given as part bill for capital work as per the statement by A.E. is not included in Capital Work in Progress Schedule( B-11(b)).

14. MGNREGS Administrative Expences- the opening balance and closing balance in the Annual Financial Statement (OB-0, CB 1212167) does not match with the NREGS cash book(OB-1245455, CB-2454617)

15. Cheque issued and uncashed for more than three months were not transferred to Stale Cheque Account. As per the bank reconciliation statement of Canara Bank CHIRAYINKEEZHU (Account no. 3497101005345), out of the total amount of 158117/- included as cheque issued but not presented into bank, the amount of 14188/- uncashed for more than three months was not transferred to Stale Cheque Account.

16. According to reconciliation statement (march 2023)of Canara Bank CHIRAYINKEEZHU (Account no. 3497101005345) an amount of Rs.162007/- is included as Directly Credited by Bank. But the amount is not

taken into account.

17. Further actions are not taken for adjusting the amounts directly debited by bank included in the reconciliation statements (march 2023)of State Bank of India CHIRAYINKEEZHU (Account no. 37343663341Rs.13684/-).

18. Cheque of Rs.7500/- was deposited but not credited into Canara Bank CHIRAYINKEEZHU (Account no. 3497101005345) till date.

19. The demand registers are not periodically reconciled with accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്